മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 23 | THE ONLINE OFFICIAL NEWS BULLETTIN | 2022 June 04

SEASON OF PENTECOST | പെന്തിക്കോസ്തികാലം

ܚܕ ܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
5  ♪7 ✝ Pentiqosti Feast of the Pentecost (50th day after Easter)	6  ♪3 Comme. of Aaron the Monk 97th Mem. of Yuakim Mar Ivanios ✠ (Parumala) 15th Mem. of Augen Mar Dionysius ✠ (Vallikkattu Dayara)	7 ♪7	8 ♪3	9 ♪7	10 ♪3 'rubto ddahbo Golden Friday (Friday after Pentecost)	11  ♪7 Comme. of St. Bartholomew the Apostle 133rd Mem. of Shemavon Mar Athanasius (Kottayam Puthen Pally) ✠ 94th Mem. of Geevarghese Mar Severios ✠ (Kottayam Valiyapalli)



നിയുക്ത മെത്രാപ്പോലീത്താമാരായ ആറ് വൈദികർക്ക് റമ്പാൻ സ്ഥാനം നൽകി

പരുമല: നിയുക്ത മെത്രാപ്പോലിത്തമാരായി മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ തെരഞ്ഞെടുത്ത ആറ് വൈദികർക്ക് റമ്പാൻ സ്ഥാനം നൽകി. ജൂൺ 2-നു പരുമല സെമിനാരിയിൽ നടന്ന സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രധാന കാർമികത്വം വഹിച്ചു.



പരിശുദ്ധ കാതോലിക്കാ ബാവ ഓണക്കൂർ വലിയപള്ളിയിൽ പ. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപനം നടത്തി.

കുര്യാക്കോസ് മാർ ക്ലിമീസ്, ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ്, അലക്സിയോസ് മാർ യൗസേബിയോസ്, മാത്യൂസ് മാർ തേവോദോസ്യോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. ജോസഫ് മാർ ദിവന്നാസ്യോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ് എന്നീ മെത്രാപ്പോലീത്തന്മാർ സംബന്ധിച്ചു. ജൂലൈ 28-ന് പഴഞ്ഞി സെന്റ് മേരീസ് കത്തീഡ്രലിൽ വെച്ചാണ് മെത്രാപ്പോലീത്താ സ്ഥാനാരോഹണ ശുശ്രൂഷകൾ നടക്കുന്നത്.

പുതിയ റമ്പാന്മാരുടെ പേരുകൾ: ഏബ്രഹാം റമ്പാൻ - ഫാ. ഏബ്രഹാം തോമസ്, തോമസ് റമ്പാൻ - ഫാ. പി. സി. തോമസ്, ഗീവർഗീസ് റമ്പാൻ - ഫാ. വർഗീസ് കെ. ജോഷ്വാ, ഗീവർഗീസ് റമ്പാൻ - ഫാ. വിനോദ് ജോർജ്ജ്, ഗീവർഗീസ് റമ്പാൻ - ഫാ. റെജി ഗീവർഗീസ്, സഖറിയാ റമ്പാൻ - ഫാ. സഖറിയാ നൈനാൻ.



ടെലികോം വകുപ്പ് കേരള വിഭാഗത്തിന്റെ മേധാവിയായി വിനോദ് പി എബ്രഹാം ചുമതലയേറ്റു. വൈറ്റില സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇട വകാംഗമാണ്. ഇന്ത്യൻ ടെലികമ്മ്യൂണിക്കേഷൻ സെർവിസിലെ 1985 ബാച്ച് ഉദ്യോഗസ്ഥനാണ്. ബി.എസ്.എൻ.എൽ. ആന്ധ്രാ സർക്കിളിൽ ചീഫ് ജനറൽ മാനേജരായിരുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പ്രഭാഷണം



സന്യാസി: ജീവിക്കുന്നതിനുവേണ്ടി മരിക്കുന്നവൻ

പ. മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ

കർത്താവിൽ അനുഗ്രഹിക്കപ്പെട്ട സഹോദരങ്ങളേ, അഭിവന്ദ്യ സഹോദര മെത്രാപ്പോലീത്തന്മാരുടെ സാന്നിദ്ധ്യത്തിൽ നിങ്ങളോടൊപ്പം ഈ റമ്പാൻ സ്ഥാനദാനത്തിനുള്ള ശുശ്രൂഷകൾക്ക് പ്രധാന കാർമികത്വം വഹിക്കുവാൻ ബലഹീനനായ നമ്മെ ദൈവം നിയോഗിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് റമ്പാൻ സ്ഥാനത്തിനു വേണ്ടി അർത്ഥിക്കുന്ന നമ്മുടെ സഹോദരങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് പ്രാരംഭമായി ചില കാര്യങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്.

സന്യാസ ജീവിതത്തിലെ ഏറ്റവും ഉന്നതമായ സ്ഥാനമാണ് റമ്പാൻ സ്ഥാനം. സന്യാസത്തെക്കുറിച്ച് പൊതുവായ ഒരു വിലയിരുത്തൽ നടത്തുമ്പോൾ അത് വൈരുദ്ധ്യങ്ങളുടെ ജീവിതമാണ്. വ്യത്യസ്തമായ ചില അനുഭവങ്ങളിൽ കൂടി കടന്നുപോകുന്ന ജീവിതമാണ്.

ഒന്നാമത്, ആനന്ദത്തോടെ വിലപിക്കുന്ന ഒരു സമൂഹം. അതാണ് സന്യാസത്തിന്റെ പ്രധാനപ്പെട്ട കാര്യം. അതായത് നമ്മുടെ സുറിയാനി സഭാ പാരമ്പര്യത്തിൽ ആബീലേന്മാർ (mourners) എന്നു പറയും. ലോകത്തിനുവേണ്ടി എന്നും കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്ന ഒരാൾ. ദെസ്തൂനേന്മാരും ആബീലേന്മാരും ഈഹീദായക്കാരുമെല്ലാം. എന്നാൽ അതേസമയത്ത് സന്യാസ ജീവിതശൈലിയിലേയ്ക്ക് ആളുകൾ വരാൻ കാരണം അവിടെ ദൈവവുമായുള്ള ബന്ധത്തിലുള്ള സന്തോഷം അനുഭവിക്കാനാണ്. അതാണ് നമ്മളെല്ലാവരെക്കുറിച്ചും പ്രതീക്ഷിക്കുന്നത്. അപ്പോൾ ഒരു സന്യാസി ലോകത്തിന്റെ പാപത്തിനു വേണ്ടി ദൈവത്തോട് മോചനം യാചിച്ച് കരയുന്നവനാണ്. അതേസമയത്ത് അവന്റെ ജീവിതത്തിൽ ദൈവബന്ധത്തിലുള്ള വളർച്ച അനുഭവിച്ച് സന്തോഷിക്കുന്നവനുമാണ്. അതുകൊണ്ട് സന്തോഷത്തോടെ വിലപിക്കുന്നവൻ എന്ന് പറയുന്നതിന്റെ കാരണമതാണ്.

രണ്ടാമത്, ജീവിക്കാൻ വേണ്ടി മരിക്കുന്നവനാണ്. പ. പൗലോസ് ശ്ലീഹാ ഗലാത്യ ലേഖനം 6:14-ൽ പറയുന്നുണ്ട്, 'ഞാൻ ലോകത്തിന് ക്രൂശിക്കപ്പെട്ടിരിക്കുന്നു' എന്ന്. സന്യാസിയുടെ തലയിൽ കുരിശ് ആലേഖനം ചെയ്ത മസ്നപ്സാ ഇടുന്നത് 'ലോകത്തിനു വേണ്ടി കുരിശിക്കപ്പെട്ടു' എന്ന അർത്ഥത്തിലാണ്. എന്നാൽ എന്തിനാണ് ലോകത്തിനു വേണ്ടി കുരിശിക്കപ്പെട്ടത്? ദൈവത്തിനു വേണ്ടി ജീവിക്കാനായിട്ടാണ്. തന്റെ ജീവിതത്തിലെ പൂർണ്ണ സമയവും ചിന്തയും മനസ്സും എല്ലാം ദൈവത്തിനു വേണ്ടി ജീവിക്കാൻ, ലോകത്തിന്റെ ആഹ്ലാദങ്ങളെയും സന്തോഷങ്ങളെയും ത്യജിക്കുന്ന കർത്താവിന്റെ ക്രൂശ് എടുത്തുകൊണ്ട് അവനെ അനുഗമിക്കുന്നവനാണ് സന്യാസി. അതുകൊണ്ട് ഒരർത്ഥത്തിൽ പറഞ്ഞാൽ ജീവിക്കുന്നതിനു വേണ്ടി മരിക്കുന്നവനാണ്. അതോടൊപ്പം തന്നെ മൂന്നാമത് പറയുന്നത്, സ്വയം കണ്ടെത്തുന്നതിനു വേണ്ടി സ്വയത്തെ കളയുന്നവനാണ്. സ്വാർത്ഥതയൊന്നുമില്ല, തന്റേതെന്ന് ഒന്നുമില്ല, തനിക്കുള്ളതൊന്നുമില്ല. എന്നാൽ അതോടുകൂടെ താൻ ദൈവത്തിനു സ്വന്തമായി തീരുന്നു. അപ്പോൾ സ്വന്തമായുള്ളതിനെ ത്യജിക്കുമ്പോൾ യഥാർത്ഥ സ്വന്തമായുള്ള ദൈവ ബന്ധത്തെ സ്വായത്തമാക്കുന്നു എന്നുള്ളതാണ്. സ്വന്തമായതെല്ലാം ഉപേക്ഷിക്കുമ്പോൾ സ്വന്തമായുള്ളത് കണ്ടെത്തുകയാണ്. ഇതാണ് ഞാൻ പറഞ്ഞത് വ്യത്യസ്തമായ അനുഭവത്തിൽ കൂടി കടന്നുപോകുന്നു എന്നുള്ളത്.

ദൈവത്തിന്റെ സ്വരൂപം നമ്മിലുണ്ട് എന്നുള്ളതു മനസ്സിലാക്കുമ്പോൾ ആ ദൈവസ്വരൂപം പാപം മുഖാന്തരം, അല്ലെങ്കിൽ നമ്മുടെ ആർത്തിയും അഹങ്കാരവും ഒക്കെക്കൊണ്ട് അത് കുറഞ്ഞുപോകുമ്പോൾ സ്വന്തമായ ആഗ്രഹങ്ങളെ ഉപേക്ഷിച്ച്, സ്വന്തമായുള്ള സ്വരൂപത്തെ കണ്ടെത്തുക. അതോടൊപ്പം തന്നെ ഉള്ള ഒരു അനുഭവമാണ് ആത്മീയ ജ്ഞാനം നേടുന്നതിനുവേണ്ടി ലോകജ്ഞാനത്തെ ഉപേക്ഷിക്കുക എന്നത്. ലോകമെന്നു പറയുന്നത് മുഴുവൻ തിന്മയുടെ ഒരു ഭാഗമായാണ് യോഹന്നാൻ ശ്ലീഹാ കണക്കാക്കുന്നത്. അപ്പോൾ ലോകത്തെ ഉപേക്ഷിക്കുക, നിങ്ങൾ ലോകത്തിനുള്ളവരല്ല എന്ന് യോഹന്നാൻ ശ്ലീഹാ പറയുമ്പോൾ ലോകത്തിന്റെ തിന്മയായുള്ള കാര്യങ്ങളെയാണ് ഉപേക്ഷിക്കാൻ പറയുന്നത്, നന്മയായുള്ള കാര്യങ്ങളെ ഉപേക്ഷിക്കാനല്ല പറയുന്നത്. ലോകത്തിന്റെ തിന്മയായുള്ള കാര്യങ്ങൾ അഥവാ ലോകത്തിന്റെ ആഘോഷങ്ങളും ആഹ്ലാദങ്ങളും സന്തോഷങ്ങളുമെല്ലാം ഉപേക്ഷിക്കുന്നത് ദൈവിക ജ്ഞാനത്തിൽ വളരാനായിട്ടാണ്; ദൈവിക ജ്ഞാനത്തിൽ ഉയർന്നു വരാനായിട്ടാണ്. അപ്പോൾ ഈ രണ്ട് വൈരുദ്ധ്യങ്ങൾ അവിടെയുണ്ട്. ലോക ജ്ഞാനത്തെ നിരസിച്ചിട്ട് ദൈവിക ജ്ഞാനത്തെ സ്വായത്തമാക്കുന്നു എന്നുള്ളതാണ്.


അവസാനമായിട്ട് ഒരു കാര്യം കൂടി ഓർപ്പിക്കാനുള്ളത്, സന്യാസമെന്നു പറയുന്നത് മനുഷ്യജീവിതത്തിലെ മനുഷ്യർക്കെല്ലാം ഉദ്ദേശിച്ചിട്ടുള്ള പൂർണ്ണതയിലേക്ക് വളരുവാനുള്ള വിളിയാണ്. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് സൽഗുണ സമ്പൂർണ്ണനായതുപോലെ നിങ്ങളെല്ലാവരും സൽഗുണ സമ്പൂർണ്ണരാകുക എന്ന വിളിയാണ് നമുക്കെല്ലാമുള്ളത്. ആ പൂർണ്ണതയിലേക്കുള്ള മനുഷ്യന്റെ യാത്രയിൽ, ആ പാതയിൽ മനുഷ്യന് വഴിവിളക്കുകളായി നിൽക്കേണ്ടവരാണ് സന്യാസിമാർ. പൂർണ്ണതയിലേക്കുള്ള പാതയിലെ വഴിവിളക്കുകളാണ്. അവരെ കണ്ടുകൊണ്ടാണ് പൂർണ്ണതയിലേക്കു യാത്ര ചെയ്യുന്നത്. അങ്ങനെ ലോകത്തിനൊരു വലിയ മാതൃക നൽകുന്ന ആളുകൾ കൂടിയാണ്.

സന്യാസത്തിന്റെ ആ പൂർണ്ണതയിൽ റമ്പാൻ സ്ഥാനത്തേക്കു വന്നിരിക്കുന്ന ഈ നമ്മുടെ സഹോദരങ്ങളെ ആ സ്ഥാനത്തിനുവേണ്ടി ഇപ്പോൾ നമ്മളെല്ലാവരും കൂടി ദൈവസന്നിധിയിൽ പ്രാർത്ഥിച്ച് അവർക്ക് ഈവിധ ഗുണഗണങ്ങൾ ദൈവസന്നിധിയിൽ ലഭിക്കുന്നതിനുവേണ്ടിയുള്ള ആരാധന ആരംഭിക്കുകയാണ്. നിങ്ങൾ ആത്മാർത്ഥമായി ഇവരുടെ ഈവിധത്തിലുള്ള വളർച്ചയ്ക്കായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

(മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിയുക്ത മെത്രാന്മാരുടെ റമ്പാൻ സ്ഥാന ശുശ്രൂഷ, പരുമല സെമിനാരി, 02-06-2022)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ



“ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെയിരിക്കേണ്ടതിന് നിങ്ങൾക്കു തരും” (വി. യോഹ. 14:16)

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

“എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെമേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം നഗരത്തിൽ (യെരുശലേമിൽ) പാർപ്പിൻ” (വി. ലൂക്കോസ് 24:49) എന്ന വചനപ്രകാരം, സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കുസ്തി ദിനം വരെയും പരിശുദ്ധ ആത്മ നിറവിനായി പ. ശ്ലീഹന്മാർ കാത്തിരുന്ന് ധ്യാനിച്ച ദിവസങ്ങളെ പ. സഭയും കാത്തിരിപ്പിന്റെ വി. ദിനങ്ങളായി പൂർണ്ണ വ്രതനിഷ്ഠയോടെ അനുഷ്ഠിച്ചശേഷം വി. പെരുന്നാളിലേക്ക് കടന്നു വരികയാണല്ലൊ.

നന്മയിൽ വളർന്ന് സത്യദർശനം നടത്തുവാനും പരിശുദ്ധാത്മ സംസർഗ്ഗത്തിൽ ശക്തി പ്രാപിച്ച് ലോകമെമ്പാടും ക്രിസ്തുവിനെ സാക്ഷിക്കുവാൻ ആത്മാവിനാൽ അയക്കപ്പെടുകയും ചെയ്യപ്പെട്ട വി. ശിഷ്യന്മാരെപ്പോലെ നാമും ആയിത്തീർന്ന് നശിച്ചുപോകാത്ത ജീവന്റെ സുവിശേഷം കാല-ദേശ-ഭാഷ- ജാതി-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങൾ കൂടാതെ സർവ്വ ജനതയോടും അറിയിക്കുവാനുമായി ഒരിക്കൽ കൂടെ നാം അഭിഷേക പൂർണ്ണതയിലേക്ക് ദൈവകൃപയാൽ വിളിക്കപ്പെട്ടിരിക്കുന്നു എന്ന ചിന്തയോടെ വേണം നാം ഈ പെരുന്നാൾആഘോഷിക്കുന്നത്.



“ഇന്നു മാളികയിൽ വച്ച് പരിശുദ്ധ ആത്മാവു മൂലം പ. ശ്ലീഹന്മാർക്കു പരിപൂർണ്ണ കൃപയെ പ്രദാനം ചെയ്ത് അവരുടെ മേൽ ആവസിപ്പിച്ച അഗ്നിനാവാകൃതിയിലുള്ള റൂഹായാൽ തന്റെ വാഗ്ദാനം നിറവേറ്റിയവനായ കർത്താവേ!” എന്ന സംബോധനയോടെ ആരംഭിക്കുന്ന പ്രാർത്ഥനയിൽ നിന്നിൽ നിന്നുള്ള പൂർണ്ണ വെടിപ്പിലും വിശുദ്ധിയിലും ഞങ്ങളെ നിത്യവും വസിപ്പിക്കണമെ എന്ന് നാം ധ്യാനിക്കുന്നു.

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏക ദൈവത്തിന്റെ, ഏക പുത്രനും സർവ്വലോകങ്ങൾക്കും മുമ്പെ പിതാവിൽ നിന്നും ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യ ദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും താൻ മുഖാന്തരം സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യനായി നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വിശുദ്ധ റൂഹായാൽ പ. കന്യകമറിയാമിൽ നിന്നും ശരീരം ധരിച്ച് മനുഷ്യനായി നമുക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട്, കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് ഉയിർത്തവനും സ്വർഗ്ഗത്തിലേക്ക് കരേറി തന്റെ വലതുഭാഗത്തു ഇരുന്നവനും ജീവനുള്ളവരെയും മരിച്ചുപോയവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനം ഇല്ലാത്തവനും ആയ യേശുമിശിഹാ ആയ ഏക കർത്താവിനോടൊപ്പം, വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനായ സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായുമാകുന്ന വി. ത്രിത്വത്തിൽ വിശ്വസിക്കുന്ന ഏകവും വിശുദ്ധവുമായ സാർവ്വത്രിക അപ്പോസ്തോലിക സഭയുടെ ആരംഭം അഥവാ മാമോദീസ്സാ പെരുന്നാളാണ് വി. പെന്തിക്കോസ്തി നാളിൽ സംഭവിക്കുന്നത്!

വി. ലൂക്കോസ് തന്റെ രണ്ടാം ഗ്രന്ഥമായ ‘അപ്പോസ്തോല പ്രവർത്തികൾ’ എന്ന വി. സഭാചരിത്രത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ ഈ സംഭവം ദൃക്സാക്ഷിയായി വിവരിക്കുന്നുണ്ടല്ലൊ.

ബാബേൽ ഗോപുരനിർമ്മാണത്തിൽ (ഉൽപത്തി 11) അഹന്തയാൽ ദൈവസന്നിധിയിൽ നിന്നും ചിതറിപ്പോയി വിവിധ ഭാഷകൾ സംസാരിച്ച് ലോകമെമ്പാടും വിവിധ സംസ്കൃതികളിലായവർ പെന്തിക്കോസ്തി പെരുന്നാളിൽ യെരുശലേമിൽ ഒന്നിച്ചു കൂടുകയും ആത്മാവിൽ സംസാരിക്കുകയും അപ്പോൾ ഭാഷാഭേദങ്ങളോ മത-സംസ്കാര-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങളൊ ഇല്ലാതെ, പരിശുദ്ധ ആത്മാവിനാൽ ക്രിസ്തുവിൽ വെളിപ്പെട്ട സത്യ ഏക ദൈവത്തെ വിശ്വസിച്ച് ഏറ്റുപറഞ്ഞ് വി. സഭയിൽ ജനിച്ച് ഒരു വിശ്വാസ സമൂഹമായി വളരുകയും ചെയ്യുന്നു. ആദ്യം മൂവായിരത്തിൽ തുടങ്ങി പിന്നീട് അയ്യായിരവും (4:4) തുടർന്ന് ലോകമെമ്പാടും വളരുകയും ചെയ്യുന്ന വി. സഭയുടെ ജീവനുള്ള ചരിത്രത്തിന്റെ ഭാഗമായാണ് നാമും ഓരോ പെന്തിക്കോസ്തി പെരുന്നാളിലും പങ്കെടുക്കുകയും പരിശുദ്ധ ആത്മാവിൽ പുതുക്കം പ്രാപിക്കുകയും ചെയ്യുന്നത് എന്ന് പ്രത്യേകം ഓർക്കണം.

“തന്റെ അത്യുൽകൃഷ്ടജ്ഞാനത്തിന്റെ ശ്രേഷ്ഠ പ്രകാശത്താൽ സർവ്വോപരി ശോഭിച്ചുകൊണ്ടിരിക്കേ, തന്റെ വചനത്താൽ സത്യ പ്രകാശത്തിലേക്ക് ഞങ്ങളെ തിരിപ്പിക്കുകയും ഞങ്ങൾക്ക് ആത്മപ്രകാശം നൽകുകയും ഞങ്ങളുടെ സ്വാഭാവിക അന്ധകാരത്തെ നീക്കികളയുകയും ചെയ്ത കർത്താവേ! നിന്നിൽ നിറഞ്ഞു നിന്ന് നിത്യവും നിന്നെ സ്തുതിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ” എന്നാണ് ഈ ദിവസത്തിലെ പ്രാർത്ഥനകളുടെ സാരാംശം.

പരിശുദ്ധ ആത്മാവിലുള്ള പ്രകാശനം എന്നാൽ നാമും ആത്മഭാവം പൂണ്ടവരായി പ. ആത്മാവിന്റെ കൃപയാൽ ജീവിച്ച് ആത്മാവിന്റെ നൽവരങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ നവ ഫലങ്ങളാൽ നിറയുക എന്നാണ് അർത്ഥം. അർത്ഥമില്ലാത്ത ശബ്ദങ്ങളും ബഹളവും കോലാഹലങ്ങളും സൃഷ്ടിക്കുകയും കാഴ്ച്ചക്കാരിൽ അറപ്പ് ഉളവാക്കുന്ന ഗോഷ്ടികൾ കാണിക്കുകയും വിശ്വാസികളെ ഭയപ്പെടുത്തുകയും ചെയ്യുന്നത് അശുദ്ധാത്മാക്കളുടെ കൂട്ടമാണ്.

മറിച്ച്, “കർത്താവേ! ഞങ്ങളോട് കരുണ തോന്നണമെ” എന്ന് ആത്മാർത്ഥമായി മുട്ടിന്മേൽ നിന്ന് ധ്യാനിക്കുമ്പോൾ “ഇപ്പോൾ നിങ്ങൾ പരിശുദ്ധാത്മ ശക്തിയാൽ എഴുന്നേൽക്കുവിൻ”എന്ന ദൈവശബ്ദം ആവർത്തിച്ച് കേട്ട് വിശുദ്ധിയുടെയും പരിപാകതയുടെയും പ്രത്യാശയുടെയും പനിനീരിനാൽ തളിക്കപ്പെട്ട് വി. മാമോദീസ മുതലുള്ള കൗദാശിക ജീവിതത്തിന്റെ നിറവിൽ ബോധമണ്ഡലങ്ങൾക്കപ്പുറത്ത് വി. മാലാഖമാരോട് ചേർന്നു അതീന്ദ്രിയ ധ്യാന സുഖത്തിൽ നിർവൃതിയിലെത്തുന്ന പ.സഭയുടെ മക്കളാണ് നാം എന്ന് ഓർക്കുവാൻ ഈ ദിവസത്തിൽ നമുക്ക് കഴിയണം.

ആർക്കും മനസ്സിലാകാത്ത “അന്യഭാഷ”യല്ല, എല്ലാവർക്കും അവരവരുടെ ആത്മാവിലേക്ക് പ്രകാശനം ചൊരിയുന്ന ആത്മഭാഷയാണ് വി. പത്രോസ് ശ്ലീഹായും സഹ ശിഷ്യന്മാരും സംസാരിച്ചത് എന്ന് വി. ലൂക്കോസ് വ്യക്തമായി പറയുന്നു. അന്യഭാഷ എന്ന പേരിൽ കോപ്രായങ്ങൾ കാണിക്കുന്നവർ ഇപ്പോഴും ‘ബാബേൽ’ ഗോപുരാവശിഷ്ടങ്ങളിൽ നിൽക്കുന്ന വേദവിപരീതികളായ സാത്താന്യ പ്രജകളാണ് എന്ന് ആവർത്തിക്കട്ടെ. നാമോ അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുത പ്രകാശത്തിലേക്ക് പ്രവേശനം ലഭിച്ച രാജകീയ-പുരോഹിത-വർഗ്ഗവും വിശുദ്ധ വംശവുമായ ദൈവത്തിന്റെ സഭയാണ്.

വി. പെന്തിക്കോസ്തി പെരുന്നാളിന്റെ സന്ധ്യാനമസ്ക്കാരം മുതലുള്ള എല്ലാ യാമ പ്രാർത്ഥനകളിലും വി. വേദവായനകളിലും സ്ലൂസോകൾ, പ്രൊമിയോൻ-സെദ്റാകൾ, എത്രോകൾ, ഹൂത്തോമോകൾ എന്നിവയിലും വി. കുർബ്ബാന മദ്ധ്യേ മൂന്നു ഭാഗങ്ങളായി നടത്തപ്പെടുന്ന പ്രത്യേക ശുശ്രൂഷകളിലും മേൽപ്പറഞ്ഞ ആശയങ്ങൾ ഏറെ ഭംഗിയായും ചിട്ടയായും അവതരിപ്പിക്കുവാൻ പരിശുദ്ധാത്മ ശക്തിയിൽ പ. സഭാപിതാക്കന്മാർക്ക് സാധിച്ചിട്ടുണ്ട് എന്ന് ഓർക്കണം.

അതുകൊണ്ടു തന്നെ പ്രാർത്ഥനാപൂർവ്വം ശ്രദ്ധയോടെ അതിനെ ധ്യാനിക്കുവാൻ ഈ ഞായറാഴ്ചയിൽ നമുക്ക് സാധിക്കണം. ദിവസങ്ങളോളം ധ്യാനകേന്ദ്രങ്ങളിൽപ്പോയി അലസരും മടിയരുമായി ഇരിക്കുന്നവർ അവിടെപ്പോയി ഇരിക്കട്ടെ. അവർക്ക് അവിടെ നിന്ന് വല്ല ‘അത്ഭുതങ്ങളൊ’ ഇനി മറ്റെന്തെങ്കിലും വൈകാരിക അനുഭൂതികളോ ലഭിക്കുന്നെങ്കിൽ അവർ അത് ചെയ്ത് നഷ്ടം സഹിച്ചുകൊള്ളട്ടെ. എന്നാൽ പരിശുദ്ധ സഭാവിശ്വാസികൾ ഒരുക്കത്തോടെ ദേവാലയത്തിലെത്തി വി. പെന്തിക്കോസ്തി പെരുന്നാൾ ആഘോഷിച്ച് വി. കുർബ്ബാനയനുഭവിച്ച് മടങ്ങുമ്പോൾ അവർ ദൈവശക്തിയാൽ എഴുന്നേൽക്കപ്പെട്ടവരായി യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ ശക്തിയുള്ളവരായി തീരും എന്ന് കാണാം.

ഈ തത്വമാണ് പെന്തിക്കോസ്തിക്കു ശേഷമുള്ള ആദ്യ വെള്ളിയാഴ്ചയായ സ്വർണ്ണവെള്ളിയാഴ്ചയുടെ സന്ദേശം എന്നും ഓർക്കണം. ‘‘വെള്ളിയും പൊന്നും എനിക്കില്ല, എനിക്കുള്ളതു നിനക്കു തരുന്നു. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക’’ എന്ന് തന്റെ മുന്നിൽ ഭിക്ഷാടനത്തിനു കൈ നീട്ടിയവനോട് വി. പത്രോസ് കൽപിക്കുന്നു.

രണ്ടു കാര്യങ്ങളെങ്കിലും ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നാം ഓർക്കേണ്ടതുണ്ട്. ഒന്നാമത്, വി. പത്രോസും വി. യോഹന്നാനും എന്നാൽ ശീഹന്മാരിൽ മൂപ്പനും ഇളയവനും ആണ്. പുനരുത്ഥാന വാർത്തയറിഞ്ഞ് ആദ്യം കബറിങ്കലേക്ക് ഓടുന്നവരും ഇവരാണ്. പരിശുദ്ധ സഭയുടെ പ്രതീകമാണ് ഇവർ. അപ്പോസ്തോലത്വത്തിന്റെ പൂർണ്ണതയാണ് ഇവരിൽ പിതാക്കന്മാർ ദർശിക്കുന്നത്. അതായത് വി. പെന്തിക്കോസ്തിയിൽ പരിശുദ്ധാത്മാവിന്റെ നൽവരം പ്രാപിച്ചവർക്ക് കൊടുക്കുവാനുള്ളത് കേവലം ദ്രവ്യമായ പൊന്നോ, വെള്ളിയോ അല്ല, മറിച്ച് യേശുവിന്റെ നാമത്തിലുള്ള സമ്പൂർണ്ണ രക്ഷയും വിടുതലുമാണെന്ന് സാരം.

രണ്ടാമത്, വി. സഭ നിലനിൽക്കുന്നതു തന്നെ യേശുവിന്റെ (ദൈവ) നാമത്തിൽ ആണ് എന്ന് ഓർക്കണം. പ. സഭയുടെ എല്ലാ യാമ നമസ്ക്കാരങ്ങളും ആരംഭിക്കുന്നത് “പിതാവും പുത്രനും പ. റൂഹായുമായ സത്യഏക ദൈവത്തിന്റെ തിരുനാമത്തിൽ” ആണ് എന്നത് നിഷ്ഠയോടെ നാം ഓർക്കുകയും അങ്ങിനെ തന്നെ പ്രാർത്ഥന ആരംഭിക്കുകയും ചെയ്യണം. നാം നിൽക്കുന്നത് അഥവാ ആയിരിക്കുന്നത് <u>പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യഏക ദൈവത്തിന്റെ വി. നാമത്തിൽ</u> ആണ് എന്ന് നമ്മെയും സർവ്വ പ്രപഞ്ചത്തേയും ഓർമ്മിപ്പിക്കുന്ന അതിശക്തമായ വാക്യമാണത്. പരിശുദ്ധ സഭയുടെ സത്യവിശ്വാസപ്രമാണത്തിന്റെ സംക്ഷിപ്ത വാക്യമാണ് അത്. സുറിയാനിയിൽ

വി. സഭ നിലനിൽക്കുന്നതു തന്നെ യേശുവിന്റെ (ദൈവ) നാമത്തിൽ ആണ് എന്ന് ഓർക്കണം. പ. സഭയുടെ എല്ലാ യാമ നമസ്ക്കാരങ്ങളും ആരംഭിക്കുന്നത് "പിതാവും പുത്രനും പ. റൂഹായുമായ സത്യഏക ദൈവത്തിന്റെ തിരുനാമത്തിൽ" ആണ് എന്നത് നിഷ്ഠയോടെ നാം ഓർക്കുകയും അങ്ങിനെ തന്നെ പ്രാർത്ഥന ആരംഭിക്കുകയും ചെയ്യണം.

‘ബ്ശേം ആബൊ’ എന്നും ഇംഗ്ലീഷിൽ In the name of one true God എന്നും ഹിന്ദിയിലും അപ്രകാരം ചൊല്ലുന്നവർ മാതൃഭാഷയായ മലയാളത്തിൽ വരുമ്പോൾ നമസ്ക്കാരത്തിന്റെ ഈ പ്രാരംഭവാക്യം തെറ്റിച്ചും വികലമാക്കിയുമല്ലേ ചൊല്ലുന്നത് എന്ന് കാർമ്മികരും വിശ്വാസികളും സ്വയം ചോദിക്കണം. പുസ്തകം നോക്കി നമസ്ക്കരിച്ചാൽ വളരെ പെട്ടെന്ന് തിരുത്താൻ സാധിക്കുന്ന ഗുരുതരമായ ഒരു തെറ്റ് തിരുത്തുവാൻ നാം ശ്രമിക്കാത്തത് എന്തുകൊണ്ട് എന്ന് എത്ര ചിന്തിച്ചിട്ടും മനസിലാകുന്നില്ല. ഒരു പക്ഷേ അശുദ്ധാത്മാവ് നമ്മുടെ നാവിനെ കെട്ടുന്നതായിരിക്കാം. ‘പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി’ എന്ന പ്രാർത്ഥനയ്ക്ക് ഒരു തെറ്റുമില്ല. എന്നാൽ നമസ്കാരം ആരംഭിക്കേണ്ടത് അഥവാ നാം നമസ്ക്കരിക്കുവാൻ നിൽക്കുന്നത്, ജീവിതത്തിൽ നമ്മെ നാമാക്കി നിലനിർത്തുന്നത് യേശുവിന്റെ വിശുദ്ധ നാമമാണ് എന്നും ആയത് പിതാവും പുത്രനും പ. റൂഹായുമായ സത്യഏക ദൈവത്തിന്റെ മനുഷ്യാവതാരം ചെയ്ത ഭാവമാണെന്നും ഘോഷിപ്പാൻ ലഭിക്കുന്ന അവസരമാണ് നാം നഷ്ടമാക്കുന്നതെന്നും ചിന്തിക്കണം.

“.... നാമത്തിൽ; തനിക്ക് സ്തുതി. നമ്മുടെ മേൽ തന്റെ കരുണയും മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ! ആമ്മേൻ” എന്ന ആരംഭ വാക്യം അതിൽ തന്നെ അതിശക്തമായ ഒരു പ്രാർത്ഥനാ മന്ത്രമാണെന്ന് നാം ഓർക്കണം. ... നാമത്തിൽ എന്ന് പ്രധാന കാർമ്മികൻ പ്രഖ്യാപിക്കുമ്പോൾ, തനിക്ക് (വി. ത്രിത്വത്തിന്) സ്തുതി. നമ്മുടെമേൽ എന്ന് വിശ്വാസികൾ പ്രതിവാക്യം പറഞ്ഞ് കുരിശു വരച്ചുകൊണ്ടാണ് ആരാധന തുടരുന്നത്. അങ്ങിനെയല്ലാതെ ആരാധന തുടങ്ങുവാൻ പ. സഭയുടെ കാനോനുകൾ അനുവദിക്കുന്നില്ല എന്നിരിക്കെ ആരംഭവാക്യത്തെ തന്നെ വികലമായവിധത്തിൽ വക്രീകരിക്കുന്ന അനുഭവം കഷ്ടമല്ലേ എന്ന് ആദ്യം കാർമ്മികരും, ഒപ്പം വിശ്വാസികളും ചിന്തിക്കണം (ഇങ്ങനെ തുറന്ന് എഴുതേണ്ടി വന്നത് ആരെയും കുറ്റപ്പെടുത്തുവാനല്ല, തിരുത്തപ്പെടുവാനാണെന്ന് മാത്രമേ ചിന്തിക്കാവൂ). ഇന്നു മുതൽ ശരിയായവിധത്തിൽ ഞാൻ വി. നമസ്കാരം ആരംഭിക്കുമെന്ന് ഒരു തീരുമാനവും ഈ വി. പെരുന്നാളിൽ എടുക്കാം.

വി. പെന്തിക്കോസ്തി പെരുന്നാൾ മുതൽ ആരാധനാ വർഷത്തിന്റെ അഞ്ചാം കാലത്തിലേക്കും നാം പ്രവേശിക്കുകയാണ്. പെന്തിക്കോസ്തി മുതൽ കൂടാര പെരുന്നാൾ (ആഗസ്റ്റ 6) വരെയുള്ള കാലത്തെ പെന്തിക്കോസ്തി കാലമെന്നും ശ്ലീഹാകാലമെന്നുമൊക്കെ വിളിക്കാറുണ്ട്. പ. റൂഹായുടെ അഭിഷേകത്താൽ ശക്തി പ്രാപിച്ച വി. ശ്ലീഹന്മാർ കർത്തൃ കൽപനപ്രകാരം ലോകമെമ്പാടു യാത്ര ചെയ്ത് സുവിശേഷം അറിയിക്കുകയും സഭ സ്ഥാപിക്കുകയും രക്ഷസാക്ഷിത്വ മരണം പ്രാപിക്കുകയും ചെയ്ത സംഭവങ്ങളാണ് ഈ കാലഘട്ടത്തിലെ ധ്യാനചിന്തകളായി വരുന്നത്. വി. ശ്ലീഹാനോമ്പും (ജൂൺ 16-28) തുടർന്ന് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാളുകളും (ജൂൺ 29, 30, ജൂലൈ 3) എല്ലാം ഈ കാലത്തിലാണ് എന്നും ഓർക്കണം.

ചുരുക്കത്തിൽ ഉയരത്തിൽ നിന്നും ശക്തി പ്രാപിച്ച് യെരുശലേമിൽ ആരംഭിച്ച് ലോകം മുഴുവനും വ്യാപിക്കുന്ന പ. സഭയുടെ പിറവിയും വ്യാപനവും ആണ് വി. പെന്തിക്കോസ്തി പെരുന്നാളിലും പെന്തിക്കോസ്തി കാലത്തും സഭാമക്കൾ ധ്യാനിക്കുന്നത്. ഈ പരിശുദ്ധാത്മ വ്യാപന പ്രക്രിയയുടെ ഭാഗമാണ് ഇന്നും സജീവമായി നിലനിൽക്കുന്ന വി. കൂദാശകളും കൗദാശിക നൽവരങ്ങളും എന്നും ഓർക്കണം. അവയെ നിലനിർത്തുവാനുള്ള ദൈവിക ഉപാധിയാണ് പ. സഭയുടെ പൗരോഹിത്യ ശുശ്രൂഷാ ക്രമം എന്നതും ഓർത്തിരിക്കണം.

അർത്ഥപൂർണ്ണവും ചൈതന്യവത്തായതുമായ ഒരു വി. പെന്തിക്കോസ്തി അനുഭവം സഭാമക്കളായ ഏവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

◆

Gospel in action is through humanitarian acts and not by preaching alone: Catholicos

Liju Cherian

QUOTE: "The message of gospel in action is love. Let the message of love and peace be established through your act and not by preaching alone."

HIS Holiness Baselios Marthoma Mathews III, the Supreme Head of the Indian Orthodox Church, undertook a two-week maiden apostolic visit to the Sultanate of Oman after he was enthroned as the Catholicos in October 2021. As the chief celebrant for the Holy Week services of the Mar Gregorios Orthodox Maha Edavaka (MGOME) Muscat, His Holiness also launched the year-long Golden Jubilee celebrations of the parish.

Despite his busy schedules, the Primate of the Malankara Church engaged himself in an interview at the Maha Edavaka suite where he discussed a wide range of issues from Oriental Orthodoxy, ecumenism, Malankara church row, global charity project to fight poverty and women deaconess.

Excerpts from a free-wheeling interview.

His Holiness (HH): What is the vision of the Orthodox Church under your leadership?

Answer (A): One of my visions which I will endeavor to promote is poverty alleviation and helping the poorest in the society. I envisage a global role for eradicating poverty and will welcome the support of all towards the 'Sahodaran' charity project. If one of our own brothers suffer from injustice or poverty, will we be happy? I, therefore, call upon all religions and leaders to come forward for a wider ecumenism towards fulfilling my aim.

The 'Sahoodaran' charitable project aims to convey the message of 'universal brotherhood' and one day, we will be able to realize a golden future where we all can live peacefully without any form of rivalry, suffering or injustice. I have made a beginning inviting one and all to contribute towards the project. Let the world come to know about my vision and bring about a change. I will strive my best to tackle problems through sharing and steadfastly follow the Gospels and teachings of Jesus who said "share what we have with others, give your ears to realize this and work unitedly."

HH: What are the major decisions or plans undertaken since your enthronement in 2021

A: One of the major decisions was electing seven candidates to the post of Episcopii towards filling up vacancies for seven dioceses as we need full time diocese heads which are lying vacant for long. As decided by the Holy Synod, the Malankara Association met under Covid protocols where over 3,900 voted through an online voting system in the history of the Malankara Church. After ordination on July 28, 2022, the Metropolitan designates will be allotted the dioceses at the earliest which will be based upon recommendations by the managing committee with final approval from the Holy Episcopal Synod.

The Holy Synod will include the new metropolitans after their ordination. On August 4 the Malankara Association will meet to elect a Priest Trustee and a Lay Trustee. The managing committee will then meet to discuss and



decide regarding allotting new dioceses for the ordained bishops. The managing committee will again meet to elect an association secretary and all the processes are expected to be completed by September.

The tenure of the managing committee expired by March 2022 and we have to elect a new managing committee, new association members and also a new working committee and fill up these official bodies by August.

Secondly, my vision is to make the 'Sahodaran' (brother) charitable project in the blessed memory of my predecessor late HH Baselios Marthoma Paulose II, a global project. This is a project for the poor and the downtrodden irrespective of caste, creed or nation.

I launched this on (February 12, 2022) my birthday as a challenge. I want to create an awareness about the concept among the community and religions. My request is to contribute a part of the birthday celebrations to the project on each one's' capacity. We are God's children and we need to help each other.

The project aims to endow and support seven primary categories and help the financially distressed. During our birthdays we spend a lot, so some amount can be set aside for monetary aid which can be used for housing, wedding grants, educational help, healthcare support, protection for the physically and mentally challenged, for the elderly aged, and financial aid for poor farmers and workers.



A main aspect which will be tackled is special diseases related to 'muscular atrophy' which cannot be controlled by medicines. We can only extend help upon availability of funds for this and all must cooperate. So, whether it is a poor Pakistani, Bangladeshi or a Nepali, irrespective of nations, we will try our best to help. By October, I should be able to give more time to the project once all the other priority engagements are done with.

HH: How do you view the move to legislate new law in the dispute of Malankara Church

A: This is a sensitive issue to be handled because it is the state legislative assembly which drafts laws which none can prevent them from enacting. But we can only question their moves if the law is legally valid. We can argue or challenge them in the courts if they go ahead and bring about changes to the law. We will go by the rule of the law and face it legally but it is sad to note that there might be repercussions.

If they make a law against our wishes, we have all the right to challenge them in courts of law because the Supreme Court verdict of July 2017 is final. But instead of implementing the apex court verdict, they are bent on suppressing or overriding it and bringing in yet another law.

If the state government decides to go ahead, we will approach the courts to squash the order but until that period of time there might be law and order problems which may invariably give rise to violence. So we have approached the state government not to go ahead but they mention they will go by people's opinion and look for their betterment.

The people can say anything but they will have to follow truth and justice. Going against the Supreme Court verdict is like challenging a nation which we are not ready to accept.

However, we will face this boldly and the church will not and cannot take the path of violence. We will not resort to cheap means of capturing a church or foment violence. We do not have to proclaim victory through violence but by following the law. The problem here is that those who implement the law have to practice it and we hope they will follow this and until then we will fight for it. Individuals approved by the church have held talks with the government and they have to maintain peace.

About 60 churches have come under the Supreme Court order of 2017 which was implemented. The state government can follow or implement the same among other churches so there will not be any problems.

The patriarch faction have no majority but we are clueless as to why the government is siding with them. The Malankara Orthodox Syrian Church (MOSC) have their presence with dioceses all over Kerala and beyond but their only strength lies in Ernakulam district and few other areas.

Despite having a huge presence we have been pushed aside which gives us pain. Why do they favor a minority community and go after and protect their interests? We have no idea. We are for implementing the apex court verdict and there will be peace only if they accept this or they are welcome to move out by building new churches as an alternative.

Anyone is welcome to the Malankara Orthodox Church if they are willing to follow and accept the rules. As it is an issue which can give rise to problems, I have met the Kerala chief minister and others explaining our stand. Still if they prefer to go ahead with the law we will fight it out.

MOSC will face losses and we are at a pain to understand this which is not something new for us. We have faced it earlier and will face it in future too and move forward. God will help and deliver us and we are not disappointed about it.

(HH): Have you planned visits to meet heads of sister Orthodox churches

A: The visits are being planned by the Department of Ecumenical Relations (Interchurch relations department) but till the end of September, I am tied up with various other issues. Probably by October, I plan to schedule my visits abroad and meet with leaders of the Oriental Church and Byzantine Orthodox Church with whom we have close fraternal relations.

I am also planning to meet with the heads of the Roman Catholic Church, Anglican, Lutheran, German, Protestants and to develop deep bonds with all of them.

My first visit could probably be to the Russian Orthodox Church as I had pursued higher studies in Theology at Theological Academy, Leningrad, Russia. Alternatively, I may also pay a visit to nearby Armenian and Byzantine Orthodox Churches. I also studied for two years and took part in programs of the Armenian Orthodox Church, so visits to Armenia, Georgia, Russia will be my priority along with visits to Yugoslavia, Serbia, Romania, Bulgaria, and Macedonian Orthodox Churches. I also have plans to visit the Vatican to meet the Pope as I had pursued my PhD from Oriental Institute, Rome. I also desire to develop and revive ties with Ethiopian, Eritrean Orthodox Churches but these may take some time.

HH: Any plans to host a global Orthodox meet from all Pan-Orthodox churches

A: The Oriental Orthodox Church itself had issues within themselves so a meeting looks tough. However, the Byzantine Orthodox Church had been planning a meeting for years for hosting a pan Orthodox council meeting but could not hold it due to issues. We want to develop fraternal ties with Russian, Greek churches and monasteries and I would prefer to personally visit them to renew the bonds of friendship.

What we can do is gather together Pan-Oriental Orthodox churches as some issues still exist with the Patriarch of Antioch Church who is not on good terms. So there are issues to be solved among Ethiopian, Eritrean churches while the Coptic Orthodox Church issues have been solved to some extent.



HH: Do you envision a wider ecumenism of all religions coming together to fight poverty

A: I have spoken about this on several occasions. Ecumenism means living under a single roof. So not only Christianity but also world religions must group together and they have to fight against poverty which will bring in justice and peace. Recently, I observed Muhammad Shehbaz Sharif, Pakistan's new Prime Minister, saying that they were willing to cooperate with India to fight poverty. I do appreciate this initiative but whether he really means it sincerely remains to be seen.

I do not believe in poor people being helped though we have a lot of government welfare programs namely *'Garibi Hatao'* but it is not reaching the grassroots level as far as I know. Poor remain poor and there is no campaign for them. It is here that world religions who practice brotherly love must take the initiative.

Political leaders have nothing on their agenda but religions believe in God and its creator with all human beings as brothers and promote love. All religions cannot just sit idle or stand in a corner, instead they have to come together to fight poverty. People dying in poverty is injustice in the name of God as no religion can neglect poverty and homelessness. This is not good and we cannot call them a 'religion' instead they may be some social organization. A religion must pertain itself to ideals of brotherly love and establish or grow to develop and have a vision to come together towards a wider ecumenism.

If I get a chance to speak about poverty at any global forum, I will be the first person to do it as this is very much a topic of concern and as I am not concerned about other problems of the world.

My aim is that people must live in peace and provide them with basic necessities of life namely home, education for children, medical treatment for diseases. That is what eradicating poverty means and our dreams will be realized but all individuals must cooperate. I will be able to take the lead and persuade others. What I feel and think to do, I will show the way or what I believe, in my own way as I have responsibilities being a spiritual head.

World religions must unite, cooperate to make it happen. There has to be a shift in emphasis, or an orientation in this regard. At present, religious leaders only try to safeguard their identity.

Religions must do more to remove poverty, this must be their emphasis. They need to make it work at the global level. The message of gospel in action is love. Let that message of love and peace be established through your act and not by preaching alone. The time for preaching the gospel is over but preaching gospel has to be there, instead doing something better for humanity is the gospel.

(HH): What measures will you make the church come out of its national outlook

A: There is a need to have a religious vision and I have plans to work out a way for this. When we try to involve more people there is a likelihood of an 'ethnic breaking' among the forms of workshop. We are a closed community but not proven to be an opening for the other community to accept us to accommodate them as we have our own style.

Having or involving them together and their forms of workshop can well be thought about. Malankara Orthodox Church is still an ethnic group and we must be willing to invite an African, an Arab or an Englishman, as this is my idea and vision.

Russian, Byzantine Orthodox Churches were able to break ethic boundaries and spread beyond China, Russia, Japan, Africa and have their own indigenous community. We have churches in Africa or Europe but

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



these are due to the faithful who migrated after having moved out from Kerala and other states seeking employment. Global indigenization has to take place and we should do this carefully. Presently, we also lack ecumenical leaders at the global level who can give valuable output at global ecumenical forums when compared to earlier days.

HH: Your views on attacks on minorities and taking the lead for peace and justice

A: To understand the gravity of the situation, MOSC and the BJP leaders have developed a relationship and urged them to protect Christian minorities to make way for peace and stop atrocities and make friendship with them. We cannot fight or oppose them but talk with them in a friendly manner. Many BJP and RSS leaders in Kerala have met me personally and we have told them that though you claim to help minorities, your actions are totally against them. We want them to define their policy towards minorities and come clear on this.

HH: Will the church take up ordination of women deacons in future

A: This is very good in my opinion. Roman Catholics have a large number of nuns but we need to give our nuns systematic training through spiritual organizations and they must be devoted in a spirit of human service. Ordination will be a good step for consideration but MOSC may take its time on this. A committee has been set up to study this, like an institute to minor order under two or three Metropolitans with a study program to include women deacons. How far this will come up remains to be seen and if possible we can implement this after a thorough study. As women voting is in practice at all parish levels, this can be extended to diocese and association levels in the future. I am not personally against deaconess but very much support this idea.

HH: Regarding special care for youth or counselling for lay counselors

A: I am all for having a Youth Ministry which will help make it more vibrant and active. Though we have OCYM meetings at church levels on Sundays, church festivals, and charitable projects for the poor, more important is they must be actively involved in eradicating poverty.

Secondly, as the youth face crisis, there is a need to give guidelines to tackle them and find suitable resource persons to lead. Youth ministers and ministry must be formed not only at diocese levels but at all parishes like the Diaspora Ministry.

◆



അശരണരെയും, നിരാലംബരെയും കരുതുന്നതിന് അപ്പുറം വേറൊരു ദൈവസ്നേഹമില്ല: പ. കാതോലിക്ക ബാവ

മാവേലിക്കര: അശരണരെയും നിരാലംബരേയും കരുതുന്നതിനപ്പുറം മറ്റൊരു സ്നേഹമില്ല എന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. മാവേലിക്കര ഭദ്രാസനത്തിലെ മാനസീക രോഗ പുനരധിവാസ കേന്ദ്രമായ മാർ പക്കോമിയോസ് ശാലേം ഭവനിൽ കാർഷികോദ്യാന ശാലേം നൂറ് മേനി കാർഷിക പദ്ധതി ഉത്ഘാടനം ചെയ്യുകയായിരുന്നു ബാവ. ചുറ്റുമുള്ള നിരാലംബരെ തിരിച്ചറിഞ്ഞ് അവരെ സഹായിക്കേണ്ടത് നമ്മുടെ കടമയെന്നും, സഹോദരൻ പദ്ധതിയിലൂടെ നിരവധി പേർക്ക് സഹായം നൽകുവാൻ കഴിഞ്ഞത് ചാരിതാർത്ഥ്യത്തോട് പങ്കുവെച്ചു. ഭദ്രാസന മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് അദ്ധ്യക്ഷത വഹിച്ചു.



അഖില മലങ്കര പ്രാർത്ഥന യോഗത്തിന്റെ ആഭിമുഖ്യത്തിൽ പരുമല സെമിനാരിയിൽ കാത്തിരിപ്പ് ധ്യാനം നടത്തപ്പെട്ടു. പ്രാർത്ഥന യോഗം പ്രസിഡൻറ് ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മുഖ്യപ്രഭാഷണം നടത്തി. ഫാ. അലക്സാണ്ടർ വട്ടയ്ക്കാട് കാത്തിരിപ്പ് ധ്യാനത്തിന് നേതൃത്വം നൽകി.

അരുൺകുമാർ എം എൽ എ.ഭദ്രാസന സെക്രട്ടറി ഫാ.ജോൺസ് ഈപ്പൻ തഴക്കരപഞ്ചായത്ത് പ്രസിഡന്റ് ഷീബാ സതീഷ്, വാർഡ് മെമ്പർ സജി എസ് പുത്തൻവിള, ഫാ. മത്തായി വിളനിലം, ഫാ. ജേക്കബ് ജോൺ, ഫാ. പി. ഡി. സഖറിയാ, ഫാ. എബി ഫിലിപ്പ്, ഫാ. സോനു ജോർജ്, ഫാ. റ്റോണി യോഹന്നാൻ, ജോൺസൺ കണ്ണനാകുഴി, ഉമ്മൻ ജോൺ, റോണി വർഗ്ഗിസ്, ഡയറക്ടർ ഫാ. കോശി മാത്യു, അസിസ്റ്റൻറ് ഡയറക്ടർ ഫാ. ലിനു തോമസ്, മാനേജർ റ്റി.കെ മത്തായി എന്നിവർ പ്രസംഗിച്ചു.

ദുബായ് സെന്റ് തോമസ് കത്തീഡ്രൽ കൈസ്ഥാനി ഡോ. ഷാജി ഒരു ലക്ഷം രൂപ ശാലേം നൂറ് മേനി കാർഷിക പദ്ധതിയുടെ വിജയത്തിനായ് നൽകി. ശാലേം കുടുംബാംഗങ്ങളുടെ മാനസീക ഉല്ലാസത്തോടൊപ്പം, ശാലേമിനാവശ്യമായ വിഷ രഹിത പച്ചക്കറി കുടുംബാംഗങ്ങൾ തന്നെ ഉത്പാദിക്കുക എന്നതാണ് ശാലേം നൂറ് മേനിയുടെ ഉദ്ദേശം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

...ലോകം അവർക്ക് യോഗ്യമല്ലായിരുന്നു

ഡോ. എം. കുര്യൻ തോമസ്

ക്രിസ്തുവിനേയും 12 ശ്ലീഹന്മാരെയും പ്രതിനിധീകരിക്കുന്ന 13 വെളുത്ത കുരിശുകൾ തയ്ച്ചു ചേർത്ത പറ്റിക്കിടക്കുന്ന *മസനപ്സാ* എന്ന ശിരോവസ്ത്രം, കറുത്ത കുപ്പായം, കഴുത്തിൽ തടിക്കുരിശ്. *റമ്പാൻ* എന്ന പദം നസ്രാണി മനസിൽ തെളിയിക്കുന്ന പൊതു ചിത്രമിതാണ്. *പൂർണ്ണ വ്രതവാഗ്ദാനം നടത്തിയ സന്യാസി* എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ഈ പദത്തിന്റെയും വേഷവിധാനത്തിന്റെയും പശ്ചാത്തലം പാശ്ചാത്യ സുറിയാനി പാരമ്പര്യമാണ്.

എന്നാൽ അന്ത്യോഖ്യൻ സഭയിൽ സന്യാസിമാർക്ക് *റമ്പാൻ* എന്ന പദപ്രയോഗമില്ല. പകരം ദയറാംഗം എന്ന അർത്ഥത്തിൽ *ദയറായോ* എന്നാണ് ഇവരെ വിശേഷിപ്പിക്കുക. അന്ത്യോഖ്യൻ പാരമ്പര്യത്തിൽ അവിവാഹിത പട്ടക്കാർ എല്ലാം ഏതെങ്കിലും ദയറായിൽ അംഗമായി പൂർണ്ണ വ്രതവാഗ്ദാനം നടത്തണമെന്നുണ്ട്. അതിനാൽ അവിടുത്തെ റമ്പാന്മാരെല്ലാം ദയറാംഗങ്ങളാണ്. അതുകൊണ്ട് ഈ പ്രയോഗം സാർത്ഥകമാണ്. മലങ്കരയിൽ അപ്രകാരം ഒരു നിബന്ധനയില്ലാത്തതിനാൽ ആവാം സന്യാസിമാരെ സംബോധന ചെയ്യാൻ റമ്പാൻ എന്ന പദം രൂപപ്പെടുത്തിയത്. *റാബോ* എന്ന സുറിയാനി പദത്തിൽ നിന്നും ഉടലെടുത്ത *റമ്പാൻ* എന്ന സംബോധന മലങ്കരയിലെ മാത്രം പാരമ്പര്യമാണ്. *വലിയ, ഗുരു, ശ്രേഷ്ഠമായ* എന്നിങ്ങനെയാണ് ഈ പദത്തിന്റെ അർത്ഥം.


റമ്പാൻ ഒരു വൈദിക സ്ഥാനവുമല്ല. ശെമ്മാശന്മാർക്കും അവൈദികർക്കും റമ്പാൻ സ്ഥാനം നൽകുന്ന പതിവ് അന്ത്യോഖ്യൻ പാരമ്പര്യത്തിലുണ്ട്. വിവിധ വൈദികസ്ഥാനികളായ ദയറായക്കാർ തമ്മിൽ വേഷത്തിലും മാറ്റമില്ല. *ശർവായോ* എന്നാണ് അവൈദിക സന്യാസിമാർ അറിയപ്പെടുക. ശെമ്മാശനായിരിക്കെ റമ്പാൻ സ്ഥാനം സ്വീകരിച്ച വ്യക്തിയാണ് പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ. ഒരുപക്ഷേ അപ്രകാരം റമ്പാൻസ്ഥാനം സ്വീകരിച്ച ഏക നസ്രാണിയും അദ്ദേഹമാകാം.

മസനപ്സാ, കറുത്ത കുപ്പായം എന്നിവ ഓർത്തഡോക്സ് സന്യാസിമാരുടെ നിർബന്ധിത വേഷമൊന്നുമല്ല. ഈജിപ്തിൽ നിന്നും സുറിയാനി സഭയിൽ എത്തിച്ചേർന്ന ഈ വേഷം പിന്നീട് അന്ത്യോഖ്യൻ-മലങ്കര സഭകളിൽ സാധാരണമായെന്നു മാത്രം. ഇതിനൊരപവാദമാണ് റാന്നി-പെരുനാട് ബഥനി ആശ്രമം. അവിടെ പൂർണ്ണ വ്രതവാഗ്ദാനം നടത്തിയവരും ഇവ ധരിക്കുന്നില്ല. പകരം കാവി കുപ്പായവും ചരടിൽ കോർത്ത തടിക്കുരിശും സാധാരണ വൈദികരുടെ കറുത്ത തൊപ്പിയുമാണ് അവരുടെ ഔദ്യോഗിക വേഷം. സമീപകാലത്തായി അവരിൽ തലമുതിർന്ന ചിലർക്ക് *മസനപ്സാ* നൽകുകയും *റമ്പാൻ* എന്നു സംബോധന ചെയ്യുകയും ചെയ്യുന്നുണ്ട്.

*മസനപ്സാ*യും കറുത്ത കുപ്പായവും വൈദിക വേഷങ്ങളല്ല. ഇവ ധരിക്കുന്ന റമ്പാന്മാർ ഇതര വൈദികരെപ്പോലെ അവരുടെ സ്ഥാനത്തിനനുസരിച്ച വൈദിക വേഷം ധരിക്കണം. ശെമ്മാശന്മാരായാലും കശ്ശീശന്മാരായാലും മെത്രാന്മാരായാലും ഇതിൽ മാറ്റമില്ല. വി. കുർബാന പോലുള്ള കൂദാശകൾ അനുഷ്ഠിക്കുമ്പോൾ കശ്ശീശ്ശാ-മെത്രാൻ സ്ഥാനികളായ റമ്പാന്മാർ മസനപ്സായ്ക്കുള്ളിൽ *പട്ടത്തൊപ്പി* ധരിച്ചിരിക്കണം എന്നു നിഷ്കർഷിച്ചിട്ടുണ്ട്.

ഇപ്പോൾ റമ്പാൻസ്ഥാനം നൽകുന്നത് മെത്രാന്മാരാണെങ്കിലും ക്രമപ്രകാരം അത് നൽകേണ്ടത് ദയറാദ്ധ്യക്ഷൻ - *റീശ് ദയറായോ* - ആണ്. മലങ്കരയിൽ സ്വല്പം പ്രാധാന്യം വകവെച്ചു കൊടുക്കുന്നുണ്ടെങ്കിലും കശീശാ റമ്പാന്മാർക്ക് ഇതര കത്തനാരുമാരേക്കാൾ പ്രത്യേകിച്ച് *മൂപ്പ്* ഒന്നും ഇല്ല. അതേസമയം കശീശാ റമ്പാന്മാരേക്കാൾ മുകളിലാണ് കോർ-എപ്പിസ്ക്കോപ്പാ. *റീശ് ദയറായോ*യുടെ സ്ഥാനാരോഹണക്രമം ഉപയോഗിച്ചാണ് അവർക്ക് സ്ഥാനം കൊടുക്കുന്നത് എന്നതാണ് അതിനു കാരണം.

ഇന്ന് മലങ്കരയിൽ മെത്രാൻ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവരെയെല്ലാം ഒരു ദിവസത്തേയ്ക്കെങ്കിലും റമ്പാൻ ആക്കിയ ശേഷമാണ് മേല്പട്ട



സ്ഥാനാരോഹണം നടത്തുന്നത്. എന്നാൽ ഇത് അത്യന്താപേക്ഷിതമാണെന്നു നിയമമൊന്നുമില്ല. ഹൂദായ കാനോനിൽ അപ്രകാരം ഒരു നിബന്ധനയുമില്ല. അന്ത്യോഖ്യൻ സഭയിൽ അവിവാഹിത പട്ടക്കാർ എല്ലാം ദയറാംഗങ്ങൾ ആയി മാറിയതോടെ റമ്പാന്മാർ മാത്രം മേല്പട്ടക്കാർ ആവുക എന്ന പതിവ് അവിടെ നിലവിൽ വന്നു. അതു പകർത്തിയ മലങ്കരയിൽ അവിവാഹിത പട്ടക്കാർക്ക് അപ്രകാരം നിബന്ധകളില്ലാത്തതിനാൽ പകരം റമ്പാനാക്കിയ ശേഷം മെത്രാനാക്കുക എന്ന കീഴ്വഴക്കം നിലവിൽ വന്നു. 1975-ൽ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് അടക്കം അഞ്ചുപേർക്ക് മെത്രാൻ സ്ഥാനാഭിഷേകത്തിന്റെ തലേന്നാണ് റമ്പാൻ സ്ഥാനം നൽകിയത്.

മലങ്കരയിൽ തദ്ദേശീയ മേല്പട്ടശ്രേണി നിലവിൽ വന്ന പതിനേഴാം നൂറ്റാണ്ടിൽ വ്യവസ്ഥാപിതമായ പട്ടത്വത്തിന് സഹായഹസ്തം നീട്ടിയത് അന്ത്യോഖ്യൻ സുറിയാനി സഭയാണ്. 1665-ൽ മഹാനായ മാർത്തോമ്മാ ഒന്നാമന്റെ മേല്പട്ടസ്ഥാനം യേറുശലേമിലെ സുറിയാനി പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ ക്രമപ്പെടുത്തിയതു മുതൽ ആരംഭിച്ച ഈ ബന്ധം മെത്രാന്മാർ റമ്പാന്മാർ ആയിരിക്കണം എന്ന അന്ത്യോഖ്യൻ പാരമ്പര്യം മലങ്കരയിൽ നിലവിൽ വരാൻ കാരണമായി. നാലാം മാർത്തോമ്മാ മെത്രാൻ മസനപ്സാ ധരിച്ചിരുന്നതായി ഡച്ച് രേഖകളുണ്ട്.

എങ്കിലും 1875-നു മുമ്പ് മലങ്കര മെത്രാന്മാർ ഒഴികെ അത്യപൂർവം നസ്രാണികൾ മാത്രമാണ് *മസനപ്സാ ധരിച്ച* റമ്പാന്മാരായി ചരിത്രത്തിലുള്ളത്. അത്, വേദപുസ്തകം ആദ്യമായി മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിയ കായംകുളം പീലിപ്പോസ് റമ്പാൻ, നാല്പതു വർഷത്തിലധികം കാലം മത്സ്യമാംസാദികൾ കൂടാതെ പാലും ക്ഷീരജന്യ വസ്തുക്കളും അരിയാഹാരവും കൂടെ ഉപേക്ഷിച്ചു ജീവിച്ച പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ (പിന്നീട് മാർ ദീവന്നാസ്യോസ് ദ്വിതീയൻ മലങ്കര മെത്രാപ്പോലീത്താ-സെമിനാരി സ്ഥാപകൻ), മണർകാട് നടുവിലേടത്ത് ഉണ്ണിട്ടൻ റമ്പാൻ, ഓമല്ലൂരിലെ പേരറിയാത്ത ഒരു വൃദ്ധപുരോഹിതൻ, പിന്നീട് പ. പരുമല തിരുമേനിയായ മുളന്തുരുത്തി ചാത്തുരുത്തി കോറി ഗീവർഗീസ് റമ്പാൻ എന്നിവരാണ്. കാട്ടുമങ്ങാട്ട് ഏബ്രഹാം മാർ കൂറിലോസ്, മൂന്നു നാലു കത്തനാരുമാർക്ക് *റമ്പസുഖം* നൽകി എങ്കിലും ആ നടപടി നിയമവിരുദ്ധമായതിനാൽ സഭാദ്ധ്യക്ഷനായ വലിയ മാർ ദീവന്നാസ്യോസ് അത് റദ്ദാക്കി *കറുത്ത കുപ്പായം ഊരിച്ചു*.

മാർത്തോമ്മാ ശ്ലീഹായുടെ കാലംമുതൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദം വരെ മലങ്കര നസ്രാണികൾക്കിടയിൽ സന്യാസിമാർ ഇല്ലായിരുന്നു എന്നല്ല ഈ യാഥാർത്ഥ്യത്തിന്റെ അർത്ഥം. സന്യാസിമാരുടെ ബാഹ്യമോടികളില്ലാതെ യഥാർത്ഥ സന്യാസികളായി ജീവിച്ച അനേക വൈദികരും അവൈദികരും ഇക്കാലത്തിനിടെ ഉണ്ടായിട്ടുണ്ടെന്നത് നിസംശയമാണ്. കൊളോണിയൽ-പൂർവ കാലത്ത് സ്വാഭാവികമായി ആഭ്യന്തരമായി വികസിച്ച ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവർ നസ്രാണികൾക്കിടയിൽ ഇല്ലായിരുന്നു എന്നു പറയാനാവില്ല. സന്യാസപ്രധാനമായ ബുദ്ധ-ജൈന മതങ്ങളുടെ വിഹാരഭൂമി ആയിരുന്നു അന്നത്തെ കേരളം എന്നതാണ് അതിന്റെ കാരണം.

നമ്പൂതിരി-കേന്ദ്രീകൃത ജാതിവ്യവസ്ഥയിൽ നസ്രാണികൾ വൈശ്യരായി പ്രവേശിച്ചശേഷം ബ്രാഹ്മണ മതത്തിന്റെ ചതുരാശ്രമങ്ങൾ - *ബ്രഹ്മചര്യം* (വിദ്യാഭ്യാസ കാലം), *ഗൃഹസ്ഥം* (വിവാഹജീവിതം), *വാനപ്രസ്ഥം* (തീർത്ഥാടനങ്ങൾ), *സന്യാസം* (ഭൗതികബന്ധങ്ങളിൽ നിന്നുള്ള പൂർണ്ണ സ്വയം നിഷ്ക്രമണം) - നസ്രാണികളും അനുഷ്ഠിച്ചിരുന്നു. ആർച്ച് ബിഷപ്പ് അലക്സിസ് ദ മെനേസീസിന്റെ ചരിത്രകാരനായ അന്റോണിയോ ഗുവയോ, *...ചില വൃദ്ധരും, പുനർവിവാഹം ആഗ്രഹിക്കാത്ത വിഭാര്യരും മൈലാപ്പൂരിലേയ്ക്ക് തീർത്ഥാടനം നടത്തുന്നു. കൂടുതൽ ഭക്തരായി സ്വയം കരുതുന്ന ചിലർ കുടുമ്മി കളഞ്ഞ് തലമുടി പറ്റെ വെട്ടുന്നു...* എന്ന് തന്റെ *ജോർണാഡോയിൽ* രേഖപ്പെടുത്തുന്നു. *കുടുമ്മി മുറിക്കുക* എന്നത് നമ്പൂതിരി പാരമ്പര്യത്തിൽ ലൗകികബന്ധങ്ങൾ അവസാനിപ്പിച്ച്, സാമൂഹിക ബന്ധങ്ങൾ പരിത്യജിച്ച് സന്യാസത്തിലേയ്ക്കു പ്രവേശിപ്പിക്കുന്ന ആദ്യ കാൽവെപ്പാണെന്ന വസ്തുത മനസിലാക്കുമ്പോഴാണ് ഗുവയ വിവരിക്കുന്ന നസ്രാണി നടപടികൾ യഥാക്രമം വാനപ്രസ്ഥവും സന്യാസവുമാണെന്നു തിരിച്ചറിയുന്നത്.

ക്രിസ്തുവർഷം 1500-ൽ പെഡ്രോ അൽവാറിസ് കബ്രാളിനൊപ്പം വെനിസിലെത്തിയ ജോസഫ് കത്തനാർ, *...കറുത്ത സന്യാസിമാർ പൂർണ്ണമായ സ്വയം നിയന്ത്രണത്തിൽ ജീവിക്കുന്ന ആശ്രമങ്ങൾ അവർക്ക് ഉണ്ട്. അവർക്ക് അനേകം സന്യാസിനികളുമുണ്ട്...* എന്ന് പറയുന്നുണ്ട്. എന്നാൽ പോർട്ടുഗീസുകാർക്ക് നസ്രാണികളുടെ ആശ്രമങ്ങളോ സന്യാസികളെയോ കണ്ടെത്താൻ കഴിഞ്ഞില്ല. ഒരു പക്ഷേ യേശുക്രിസ്തുവിനെ യേറുശലേം ദേവാലയത്തിൽ സ്വീകരിച്ച വൃദ്ധരായ ശെമവോനെയും ഹന്നയേയും പോലെ വൃദ്ധരും ഭക്തരുമായ ചിലർ പ്രാർത്ഥനയോടും ജാഗരണത്തോടും കൂടി പള്ളികളിൽ സ്ഥിരതാമസമാക്കുന്നതിനെയാവാം ജോസഫ് കത്തനാർ സൂചിപ്പിച്ചത്.

1875-77 കാലഘട്ടത്തിലെ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ മലങ്കര പര്യടനകാലത്ത് അന്ത്യോഖ്യൻ പാരമ്പര്യം പോലെ അവിവാഹിത പട്ടക്കാരെല്ലാം ദയറാവസ്ത്രം സ്വീകരിക്കണമെന്നും പള്ളികളിൽ താമസിക്കണമെന്നും ഉള്ള നിബന്ധന വെച്ചെങ്കിലും നടപ്പായില്ല. പക്ഷേ അക്കാലത്ത് കുറെയേറെ വൈദികർക്ക് റമ്പാൻ സ്ഥാനം നൽകി. ഇവരിൽ പ. പരുമല തിരുമേനിയടക്കം ഗുരുസ്ഥാനീയനായി കണക്കാക്കിയിരുന്ന മൂക്കഞ്ചേരിൽ ഗീവർഗീസ് റമ്പാൻ, കോട്ടയം പഴയസെമിനാരി ചാപ്പലിന്റെ പൂർത്തീകരണം, തിരുവനന്തപുരം പള്ളിയുടെ നിർമ്മാണം മുതലായവയ്ക്ക് നേതൃത്വം വഹിച്ച കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ (പിന്നീട് മാർ കൂറിലോസ് മെത്രാപ്പോലീത്താ) എന്നിവരും ഉൾപ്പെടും.

തൊട്ടടുത്ത ദശാബ്ദത്തിൽ മലങ്കരയിലെ രണ്ടും മൂന്നും കാതോലിക്കാമാരായി പിൽക്കാലത്ത് വാഴിക്കപ്പെട്ട വാകത്താനം കാരുചിറ ഗീവർഗീസ് റമ്പാൻ, കുറിച്ചി കല്ലാച്ചേരിൽ പുന്നൂസ് റമ്പാൻ എന്നിവർക്കും ദയറാവസ്ത്രം ലഭിച്ചു. മലങ്കര മെത്രാൻ സ്ഥാനത്ത് തന്റെ പിൻഗാമിയായി കണ്ടാണ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ, 1903-ൽ പ. പരുമല തിരുമേനിയുടെ ശിഷ്യപ്രമുഖനായ മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാരെ റമ്പാനാക്കി കോട്ടയത്തേക്കു പറിച്ചുനട്ടത്.

ഇരുപതാം നൂറ്റാണ്ടും പ്രഗത്ഭരായ ഏതാനും റമ്പാന്മാരെ മലങ്കരസഭയ്ക്ക് സമ്മാനിച്ചു. പരിചയപ്പെടുത്തൽ ആവശ്യമില്ലാത്ത പേഴമറ്റത്ത് കുറിയാക്കോസ് റമ്പാൻ എന്ന പ്രാർത്ഥനാ മനുഷ്യൻ പിന്നീട് പ. പാമ്പാടി തിരുമേനിയായി. വാർദ്ധക്യത്തിൽ മാത്രം പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ആയി അഭിഷേകം ചെയ്യപ്പെട്ട സ്ലീബാദാസസമൂഹ സ്ഥാപകൻ മൂക്കഞ്ചേരിൽ പത്രോസ് റമ്പാൻ, തൃക്കോതമംഗലം ശർബീൽ ദയറ, പിറമാടം ദയറാ ഇവയുടെ സ്ഥാപകനും പ. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ തിരുവിതാംകോട് തോമയാർ കോവിലിന്റെ വീണ്ടെടുപ്പുകാരനുമായ *തിരുവിതാംകോട്ട്*



ഔഗേൻ റമ്പാനും (പിന്നീട് കാതോലിക്കാ) പിതാവും

പെരിയസാമി എന്നറിയപ്പെടുന്ന കൂട്ടുങ്കൽ ഗീവർഗീസ് റമ്പാൻ. ആദ്യത്തെ കാതോലിക്കാ നിധി സംഭരണ സെക്രട്ടറി, നിരണത്തു പൊൻകുരിശു പുനർനിർമ്മാണത്തിന്റെ മേൽനോട്ടം, രണ്ടുതവണ താൽക്കാലിക അസോസിയേഷൻ സെക്രട്ടറി, കോട്ടയം ഭദ്രാസന സെക്രട്ടറി തുടങ്ങിയ ചുമതലകൾ വഹിച്ചു എങ്കിലും അക്ഷരംകൊണ്ടു സുവിശേഷീകരണം നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച പാത്താമുട്ടം മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാൻ, പ്രാർത്ഥനയുടേയും മൗനത്തിന്റെയും വഴിയെ ചരിച്ച മൈലപ്രാ മാത്യൂസ് റമ്പാൻ എന്നിവരാണവർ.

യഥാർത്ഥത്തിൽ വ്യക്തമായ നിയമാവലിയും ഭരണക്രമവുമുള്ള സന്യാസ പ്രസ്ഥാനങ്ങളുടെ ആസ്ഥാനങ്ങളാണ് *ദയറാ* എന്നു വിവക്ഷിക്കപ്പെടുന്നത്. അപ്രകാരമുള്ള മലങ്കരസഭയുടെ ആദ്യ ദയറാ 1918-ൽ സ്ഥാപിതമായ പെരുനാട് ബഥനി ആശ്രമമാണ്. പക്ഷേ മലങ്കരയിൽ അനേക സ്ഥാപനങ്ങൾ ദയറാ എന്നറിയപ്പെടുന്നുണ്ട്. ഏതെങ്കിലും റമ്പാൻ എന്നെങ്കിലും വാസസ്ഥലമാക്കിയ ഇടവകപള്ളിയല്ലാത്ത സ്ഥാപനങ്ങൾ അവിടെ വൈദിക വിദ്യാഭ്യാസം ഉണ്ടെങ്കിൽ *സെമിനാരി* എന്നും ഇല്ലെങ്കിൽ *ദയറാ* എന്നും അറിയപ്പെടുക എന്നത് പത്തൊമ്പതാം നൂറ്റാണ്ടിൻ അന്ത്യപാദം മുതൽ മലങ്കരയിലെ പതിവാണ്. മെത്രാന്മാരുടെ വാസസ്ഥലം എന്ന അർത്ഥത്തിൽ അരമന എന്നു മലങ്കരയിൽ ആദ്യം ഉപയോഗിച്ചത് പുത്തൻകാവിൽ കൊച്ചുതിരുമേനിയാണ്. ആ സ്ഥാനം ലഭിക്കാൻ ആദ്യം ഭാഗ്യം ലഭിച്ചത് ദേവലോകം കാതോലിക്കേറ്റ് അരമനയ്ക്കും.

ചില വ്യവസ്ഥാപിത ദയറാകളിലെ ചില മുതിർന്ന സ്ഥിരം അംഗങ്ങൾക്കൊഴികെ പാരമ്പര്യപ്രകാരം മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടവർക്കും, അപൂർവം ചില അവിവാഹിത പട്ടക്കാർക്ക് ഒരു ബഹുമതിയായും ആണ് ഇന്ന് മലങ്കരയിൽ റമ്പാൻ സ്ഥാനം നൽകുന്നത്. ചിലർ ഈ സ്ഥാനത്തെ മെത്രാൻ തിരഞ്ഞെടുപ്പിനുള്ള തങ്ങളുടെ പ്രചരണോപാധിയായി കാണുന്നുണ്ട് എന്ന് വിസ്മരിക്കുന്നില്ല. ജനത്തിനാകട്ടെ ശനിയാഴ്ച കല്യാണത്തിനും പെരുനാളുകൾക്കും കെട്ടി എഴുന്നള്ളിക്കാനുള്ള ഒരു ഉപകരണം മാത്രവും. ഇതാണോ റമ്പാന്മാർ?

യഥാർത്ഥ റമ്പാന്മാരെപ്പറ്റിയുള്ള മലങ്കരസഭയുടെ കാഴ്ചപ്പാട് 1907-ൽ കാരുചിറ ഗീവർഗീസ് റമ്പാൻ പ്രസിദ്ധീകരിച്ച സഭാപഞ്ചാംഗത്തിൽ അന്നത്തെ റമ്പാന്മാരുടെ പട്ടികയിൽ മേലെഴുത്തായി നൽകിയിരിക്കുന്ന വേദവാക്യത്തിൽ നിന്നും വ്യക്തമാണ്. *...ഇവർ കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു. ലോകം അവർക്കു യോഗ്യമായിരുന്നില്ല...* എന്ന എബ്രായ ലേഖനം 11-ാം അദ്ധ്യായം 38-ാം വാക്യത്തിന് വിശദീകരണം ആവശ്യമില്ല.

◆

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തക പഠനം

വി. ഗ്രന്ഥത്തിലൂടെ ഒരു തീർത്ഥാടനം



ഫീലിപ്പോസ് റമ്പാൻ (ജ്യോതിസ് ആശ്രമം)

സുന്ദരിയായ റാഹേലിനു പുറമേ ലാബാന് ലേയാ എന്നൊരു മറ്റൊരു പുത്രിയും ഉണ്ടായിരുന്നു. മൂത്തവളായ ലേയായുടെ കണ്ണുകൾക്ക് കാഴ്ച കുറവായിരുന്നു. യാക്കോബ് സ്നേഹിച്ചത് റാഹേലിനെയാണ്. അവൽക്കു വേണ്ടി യാക്കോബ് ഏഴു വർഷങ്ങൾ ലാബാനെ സേവിച്ചു. അവളോടുള്ള സ്നേഹം നിമിത്തം അവൻ അവിടെ ചിലവഴിച്ച വർഷങ്ങൾ ഏതാനും ദീവസങ്ങളായിട്ടേ തോന്നിയിട്ടുള്ളു. അങ്ങനെ ഏഴുവർഷങ്ങൾ പൂർത്തിയായപ്പോൾ യാക്കോബ് ലാബാനോടു പറഞ്ഞു, “എന്റെ കാലാവധി പൂർത്തിയായി ആകയാൽ റാഹേലിനെ എനിക്ക് ഭാര്യയായി തരണം. അപ്പോൾ ലാബാൻ ആ ദേശക്കാരെ എല്ലാം വിളിച്ചുകൂട്ടി ഒരു വിരുന്നു കഴിച്ചു. എന്നാൽ രാത്രിയിൽ ലാബാൻ തന്റെ മൂത്ത മകൾ ലേയെ കൂട്ടി യാക്കോബിന്റെ അടുക്കൽ കൊണ്ടുപോയി ആക്കി. നേരം വെളുത്തപ്പോൾ തന്റെ അടുക്കൽ ഉള്ളത് ലേയാ എന്നു കണ്ടപ്പോൾ അവൻ ലാബാനോടു നീ എന്നോടു ഈ ചെയ്തത് എന്ത്? റാഹേലിനു വേണ്ടിയല്ലോ ഞാൻ നിന്നെ സേവിച്ചത്. നീ എന്നെ ചതിച്ചുവല്ലോ. അതിനു ലാബാൻ മൂത്തവൾക്കു മുമ്പേ ഇളയവളെ കൊടുക്കുക ഞങ്ങളുടെ ഇടയിൽ ഇല്ല. ആയതിനാൽ നീ ആദ്യം മൂത്തവളെ സ്വീകരിക്കുക. വീണ്ടും നീ എന്റെ അടുക്കൽ ചെയ്യുന്ന സേവക്കു അവളെയും നിനക്കു തരാം എന്നു പറഞ്ഞു. അങ്ങനെ അവൻ ഏഴുവർഷം റാഹേലിനു വേണ്ടി ലാബാനെ സേവിച്ചപ്പോൾ റാഹേലിനെയും അവനു ഭാര്യയായി കൊടുത്തു.

ലാബാൻ തന്റെ മകൾ ലേയെക്കു തന്റെ ദാസി സില്പയെ ദാസിയായി കൊടുത്തു, റാഹേലിനു ബിൽഹയെയും ദാസിയായി കൊടുത്തു. യാക്കോബ് ലേയെക്കാൾ റാഹേലിനെ അധികം സ്നേഹിച്ചു. ലേയാ ഗർഭം ധരിച്ചു. യാക്കോബിനു ഒരു മകനു പ്രസവിച്ചു. അവൾ അവനു രൂബേൻ എന്നു പേരിട്ടു. അവൾ പിന്നെയും ഒരു മകനെ പ്രസവിച്ചു അവനു ശിമെയോൻ എന്നു പേരിട്ടു. അവൾ മൂന്നാമതും അവനു ലേവി എന്ന മകനെ പ്രസവിച്ചു. അവൾ മൂന്നാമതും ഗർഭം ധരിച്ചു. ഞാൻ യഹോവയെ സ്തുതിക്കും എന്നു പറഞ്ഞു അവനു യഹൂദാ എന്നു പേരിട്ടു. പിന്നെ അവൾക്കു പ്രസവം നിന്നു. താൻ യാക്കോബിനു മക്കളെ പ്രസവിക്കുന്നില്ല എന്നു റാബേൽ കണ്ടപ്പോൾ എനിക്കു മക്കളെ തരണം അല്ലെങ്കിൽ ഞാൻ മരിച്ചു പോകും എന്നു പറഞ്ഞു. അപ്പോൾ യാക്കോബിനു റാഹേലിനോടു കോപം ജ്വലിച്ചു. നിനക്കു മക്കളെ തരാതിരിക്കാൻ ഞാൻ ദൈവത്തിന്റെ സ്ഥാനത്തോ. എന്റെ ദാസി ഉണ്ടല്ലോ അവൾ എനിക്കുവേണ്ടി മക്കളെ പ്രസവിക്കും. അങ്ങനെ അവൾ തന്റെ ദാസിയായ ബിൽഹയെ അവനു ഭാര്യയായി കൊടുത്തു.

ബിൽഹാ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു അവനു റാഹേൽ ദാൻ എന്നു പേരിട്ടു. രണ്ടാമത്തെ മകനു നഫ്താലി എന്നു പേർവിളിച്ചു. അപ്പോൾ ലേയാ തന്റെ ദാസിയായ സില്പായെ യാക്കോബിനു ഭാര്യയായി കൊടുത്തു അവനു ഗാദ് എന്നു പേരിട്ടു. സില്പാ രണ്ടാമതും ഒരു മകനെ പ്രസവിച്ചപ്പോൾ “ഞാൻ ഭാഗ്യവതി; സ്ത്രീകൾ എന്നെ ഭാഗ്യവതി എന്നു പറയും എന്നു ലേയാ പറഞ്ഞു അവനു ആശേർ എന്നു പേരിട്ടു. ലേയാ വീണ്ടും അഞ്ചാമതായി ഒരു മകനെ യാക്കോബിനു പ്രസവിച്ചു അവനു യിസ്സാഖാർ എന്നു പേരിട്ടു. ലേയാ ആറാമതും യാക്കോബിനു ഒരു മകനെ പ്രസവിച്ചു അവനു സെബൂലൂൻ എന്നു പേരിട്ടു. അതിനുശേഷം അവൾ അവനു ഒരു മകളെ പ്രസവിച്ചു അവൾക്ക് ദീനാ എന്നു പേരിട്ടു. അപ്പോൾ ദൈവം റാഹേലിന്റെ പ്രാർത്ഥന കേട്ടു അവൾ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിച്ചു. ദൈവം എന്റെ നിന്ദ നീക്കിക്കളഞ്ഞു യഹോവ ഇനിയും എനിക്കു ഒരു മകനെ തരുമെന്നു പറഞ്ഞു അവനു അവൾ യോസഫ് എന്നു പേരിട്ടു. റാഹേൽ യോസഫിനെ പ്രസവിച്ച ശേഷം യാക്കോബ് ലാബാനോട് ഞാൻ സ്ഥലത്തേക്കു പോകുവാൻ എന്നെ അയക്കണം. ഞാൻ നിന്നെ സേവിച്ചതിന്റെ പ്രതിഫലമായ എന്റെ ഭാര്യമാരെയും മക്കളെയും എനിക്കു തരണം. അപ്പോൾ ലാബാൻ യാക്കോബിനോടു നിനക്കു എന്നോടു ദയ ഉണ്ടെങ്കിൽ പോകരുതേ നീ നിമിത്തം കർത്താവ് എന്നെ അനുഗ്രഹിച്ചിരിക്കുന്നതായി ഞാൻ മനസ്സിലാക്കിയിരിക്കുന്നു. ആകയാൽ നിനക്കു വേണ്ടതു



ഞാൻ തന്നുകൊള്ളാം.

യാക്കോബ് ലാബാനോട് ഞാൻ അങ്ങയെ സേവിച്ചത് എപ്രകാരമാണെന്നു അങ്ങെക്കു അറിയാമല്ലോ. ഞാൻ ഇവിടെ വരുന്നതിനു മുമ്പേ കുറച്ചു കന്നികാലികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അവ ധാരാളമായിരിക്കുന്നു ഞാൻ കൈവെച്ച കാര്യങ്ങളിൽ ദൈവം അങ്ങയെ അനുഗ്രഹിച്ചിരിക്കുന്നു. അപ്പോൾ ലാബാൻ യാക്കോബിനോടു ഞാൻ പ്രതിഫലമായി നിനക്ക് എന്തു തരണം. അതിനു യാക്കോബ് ഒന്നും തരണ്ട ഇന്നു ഞാൻ പോയി താങ്കളുടെ ആട്ടിൻകൂട്ടത്തിൽ നിന്ന് പുള്ളിയോ മറുകോ ഉള്ള ആടുകളെയെല്ലാം മാറ്റി നിർത്താം. അവയെ എനിക്കുള്ള പ്രതിഫലമായി തരണം. അപ്പോൾ ലാബാൻ പറഞ്ഞു ശരി നീ പറഞ്ഞതുപോലെ ആകട്ടെ. എന്നാൽ ലാബാൻ ആ ദിവസം ഒരു കള്ളത്തരം കാണിച്ചു. പുള്ളിയും മറുകും കറുപ്പുനിറമുള്ള ആടുകളെയെല്ലാം മാറ്റി നിർത്തി സ്വപുത്രന്മാരെ ഏല്പിച്ചു. എന്നിട്ട് തന്റെ കൂടാരത്തിൽ നിന്ന് മൂന്നു ദിവസങ്ങൾ നടക്കേണ്ട ദൂരത്തായി യാക്കോബിനെ താമസിപ്പിച്ചു. യാക്കോബിന് മേയിക്കുവാനായി ലാബാന്റെ ബാക്കി ആടുകളെ ഏല്പിച്ചു. വെള്ളം കുടിക്കുവാൻ വരുമ്പോഴാണ് ആടുകൾ ഇണചേരുന്നത്. പുന്ന, ബദാം, ഞെരിഞ്ഞിൽ എന്നീ മരങ്ങളുടെ പച്ചക്കമ്പുകൾ എടുത്ത് യാക്കോബ് കൊമ്പുകളുടെ തൊലി ഉരിഞ്ഞ് വെള്ളനിറം കാണത്തക്കവിധമാക്കി. എന്നിട്ട് വെള്ളനിറത്തിലായ കൊമ്പുകളെ ജലതൊട്ടികളിൽ വച്ചു. ആടുകൾ വെള്ളം കുടിക്കുവാൻ വന്നപ്പോൾ ഇണചേർന്നു. ഇണചേർന്നത് തോലുരിഞ്ഞ കൊമ്പുകളുടെ മുമ്പിൽ വച്ചായതിനാൽ ആടുകൾ പ്രസവിച്ചത് പുള്ളിയും മറുകുമുള്ള കുഞ്ഞുങ്ങളെയാണ്. അനന്തരം യാക്കോബ് ആടുകളെ രണ്ടായി ഭാഗിച്ചു. പുള്ളിയും മറുകുമുള്ള ആടുകളെ അവയില്ലാത്തവയ്ക്ക് അഭിമുഖമായി നിർത്തി. അദ്ദേഹം സ്വന്തം ആടുകളെ ലാബാന്റെ ആടുകളോടൊപ്പം നിർത്താതെ വേറെയായി നിർത്തി. കരുത്തുള്ള ആടുകൾ വെള്ളം കുടിക്കാനായി വന്നപ്പോൾ യാക്കോബ് തൊട്ടിയിൽ അവയുടെ മുമ്പിലായി കമ്പുകൾ വച്ചു. അവിടെ വച്ച് അവ ഇണ ചേർന്നതിനാൽ അവ കരുത്തുള്ള കുഞ്ഞുങ്ങളെ പ്രസവിച്ചു. ക്ഷീണിച്ച ആടുകൾ ഇണ ചേരുവാൻ വന്നപ്പോൾ അവയുടെ മുമ്പിൽ കമ്പുകൾ വച്ചില്ല തന്മൂലം അവ ക്ഷീണിച്ച കുഞ്ഞുങ്ങളെ പ്രസവിച്ചു. കുറെക്കാലം കഴിഞ്ഞപ്പോൾ യാക്കോബിന്റെ ആടുകൾ കരുത്തുള്ളവയും ലാബാന്റെ ആടുകൾ ക്ഷീണിച്ചവയും ആയിത്തീർന്നു. കാലക്രമേണ ധാരാളം ആടുകളും ഒട്ടകങ്ങളും കഴുതകളും ദാസീദാസന്മാരുമുള്ള ഒരു വലിയ ധനവാനായി തീർന്നു യാക്കോബ്.

(തുടരും)

വചനതീർത്ഥം

തീ നാവെന്നോണം

പെന്തിക്കോസ്തി ഞായറാഴ്ച (വി. യോഹന്നാൻ 16:5-15)

ഫാ. കെ. കെ. വർഗീസ്



പരിശുദ്ധാത്മാവിനോട് നാം വളരെ നന്ദിയുള്ളവരായിരിക്കണം. 'ദൈവം മനുഷ്യരാശിക്ക് നൽകിയ എല്ലാ ദാനങ്ങളിലും, പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തേക്കാൾ വലുതായി ഒന്നുമില്ല.' എന്നിരുന്നാലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് ഇന്ന് വളരെയധികം ആശയക്കുഴപ്പമുണ്ട്.

ചിലരുടെ കാഴ്ചപ്പാടിൽ പരിശുദ്ധാത്മാവ് ഒട്ടും പ്രധാനമല്ല. ഇത്തരമൊരു ധാരണ നൽകുക വഴി വലിയ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. മറുവശത്ത്, പരിശുദ്ധാത്മാവിന് ഇത്ര അമിതമായ ഊന്നലും ശ്രദ്ധയും നൽകുന്ന പഠിപ്പിക്കലുകളും ഉണ്ട്.



അവൻ ക്രിസ്തുവിനേക്കാൾ പ്രധാനമാണ്! പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത്, അന്യഭാഷകളിൽ സംസാരിക്കുകയോ പിന്നോട്ട് വീഴുകയോ ചെയ്യുന്നതു പോലുള്ള ചില പ്രത്യേക സന്ദർഭങ്ങളിൽ മാത്രമാണ്, സംവേദനങ്ങളോ ഉന്മേഷകരമോ ആയ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ മാത്രമേ പരിശുദ്ധാത്മാവ് പ്രവർത്തിക്കൂ, എന്നിങ്ങനെ കരുതുന്നവരും ഏറെയുണ്ട്. അമാനുഷികമോ അത്ഭുതകരമോ ആയ ചില പ്രകടനങ്ങൾ ഇല്ലെങ്കിൽ, പരിശുദ്ധാത്മാവ് പ്രവർത്തിക്കില്ല എന്നതാണ് അവർക്ക് പഠിപ്പിക്കുവാൻ ഉള്ളത്.

പരിശുദ്ധാത്മാവിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തികൾ ഇതുപോലുള്ള കാര്യങ്ങളിലല്ല, മറിച്ച് പാപികളെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് കൊണ്ടുവരാൻ, അവരുടെ ഹൃദയങ്ങളിലും മനസ്സുകളിലും, അവർ ചെയ്യുന്ന കാര്യങ്ങളിലും മാർഗനിർദേശം നൽകുന്നതിന് അവൻ ചെയ്യുന്ന കാര്യങ്ങളാണ് ഇന്നത്തെ വിശുദ്ധ ഏവൻഗേലിയോൻ ഭാഗത്തിനെ അടിസ്ഥാനപ്പെടുത്തി നമ്മൾക്ക് ചിന്തിക്കുവാൻ ഉള്ളത്.

യേശു തങ്ങളെ വിട്ടുപോകാൻ പോകുന്നു എന്ന വാർത്തയോട് ശിഷ്യന്മാരുടെ പ്രതികരണത്തോടെയാണ് ഈ ഭാഗം ആരംഭിക്കുന്നത്. അവർ ദുഃഖത്താൽ നിറഞ്ഞു (6).

അവർക്ക് അവനിൽ നിന്ന് ലഭിച്ച നിരവധി ഉറപ്പുകൾ ഉണ്ടായിരുന്നിട്ടും ഇങ്ങനെയൊക്കെ സംഭവിച്ചു - ഉദാ. അവൻ തന്റെ പിതാവിന്റെ ഭവനത്തിൽ അവർക്കായി മാളികകൾ ഒരുക്കുവാൻ പോകുകയാണെന്നും ഒരു ദിവസം അവരെ അവിടെ കൊണ്ടുപോകാൻ മടങ്ങിവരുമെന്നും (14:2,3), ഒക്കെ കേൾക്കുമ്പോൾ എന്തുകൊണ്ടാണ് അവർ ഇത്ര ദുഃഖിതരാകുന്നത്? കാരണം അവർ തങ്ങിളിലേക്കും സ്വന്തം നഷ്ടത്തിലേക്കും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടിരുന്നു

3 വർഷമായി അവർ അവനോടൊപ്പം ഉണ്ടായിരുന്നു, അവനെ സേവിച്ചു, അവനിൽ നിന്ന് പഠിച്ചു,അവന്റെ വേർപാട് അംഗീകരിക്കാൻ കഴിയില്ലെന്ന് വാക്യം 7-ൽ യേശു അവർക്കു നൽകിയ ഉത്തരം ഈ വിഷയത്തെ നന്നായി അഭിസംബോധന ചെയ്തു. 'ഞാൻ പോകുന്നത് നിങ്ങളുടെ നഷ്ടമല്ല, നിങ്ങളുടെ നേട്ടമായിരിക്കും.'

യേശു അവരെ വിട്ടുപോയാൽ മാത്രം അവരുടെ അടുക്കലേക്ക് വരാൻ കഴിയുന്ന, പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥന്റെ, അവരെ ഒരിക്കലും കൈവിടാത്ത, ആശ്വസിപ്പിക്കുന്നവന്റെ വരവിനായി കാത്തിരിക്കാൻ അവൻ അവരെ പ്രോത്സാഹിപ്പിച്ചു. പരിശുദ്ധാത്മാവ് വരുമ്പോൾ അവൻ ചെയ്യുന്ന 3 പ്രധാന പ്രവൃത്തികളെക്കുറിച്ച് യേശു അവരെ അറിയിക്കുന്നു.

1: അവൻ ലോകത്തിന് പാപബോധം വരുത്തുന്നു (8-11)

വാക്യം 8-ൽ യേശു തമ്പുരാൻ പറഞ്ഞു, പരിശുദ്ധാത്മാവ് ലോകത്തെ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ശാസിക്കുകയോ ബോധ്യപ്പെടുത്തുകയോ ചെയ്യും. പെന്തക്കോസ്ത് നാളിൽ ഈ പ്രവചനം നിവൃത്തിയേറാൻ തുടങ്ങി. ശിഷ്യന്മാർ പരിശുദ്ധാത്മാവിനാൽ ശക്തി പ്രാപിച്ചപ്പോൾ എന്താണ് സംഭവിച്ചതെന്ന് കാണാൻ ഒരു വലിയ ജനക്കൂട്ടം തടിച്ചുകൂടിയ നേരം പത്രോസ് ആത്മാവിനാൽ നിറഞ്ഞുനിന്ന് അവരോട് പ്രസംഗിക്കാൻ തുടങ്ങി, (പ്രവൃത്തികൾ 2:4-) പ്രവൃത്തികൾ 2:36-37-ലെ അവന്റെ പ്രസംഗത്തിനൊടുവിൽ സംഭവിച്ചത് എന്താണെന്ന് നോക്കാം.

'അതിനാൽ, നിങ്ങൾ ക്രൂശിച്ച അതേ യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി സൃഷ്ടിച്ചിരിക്കുന്നുവെന്ന് ഇസ്രായേൽ ഗൃഹം മുഴുവനും ഉറപ്പായും അറിയട്ടെ. ഇതു കേട്ടപ്പോൾ അവർ ഹൃദയത്തിൽ കുത്തു കൊണ്ടു. പത്രൊസിനോടും ബാക്കിയുള്ള അപ്പൊസ്തലന്മാരോടും: സഹോദരന്മാരേ, ഞങ്ങൾ എന്തു ചെയ്യണം എന്നു ചോദിച്ചു.

പത്രോസ് ജനക്കൂട്ടത്തെ 'ഇസ്രായേൽ ഗൃഹം' എന്ന് അഭിസംബോധന ചെയ്തതും അവരുടെ സ്വന്തം മിശിഹായെ ക്രൂശിച്ചതിന് അവരോട് കുറ്റം ചുമത്തുന്നതും ശ്രദ്ധിക്കുക. 50 ദിവസം മുമ്പ് പൊന്തിയോസ് പീലാത്തോസ് യേശുവിനെ അവരുടെ അടുത്തേക്ക് കൊണ്ടുവന്നപ്പോൾ അവനെ ക്രൂശിക്കുക എന്നു ആർത്തു വിളിച്ചപ്പോൾ (വി. ലൂക്കോസ് 23:21) അവരിൽ ഭൂരിഭാഗവും അവിടെ ഉണ്ടായിരുന്നില്ല.

എന്നാൽ യേശുവിനെതിരെ ഭരണകൂടം സ്വീകരിച്ച നടപടികളെക്കുറിച്ച്

കേട്ടപ്പോൾ അവർ സ്വന്തം അവിശ്വാസം കാരണം/ക്രിസ്തുവിശ്വാസം ഇല്ലാഞ്ഞത് കാരണം, അത് അംഗീകരിച്ചു.

എന്നാൽ ഇപ്പോൾ പരിശുദ്ധാത്മാവ് അവരുടെ പാപത്തെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തിയപ്പോൾ, അവരെല്ലാവരും അവരുടെ ഹൃദയത്തിൽ കുറ്റബോധത്തിന്റെ വലിയ ഭാരം അനുഭവിച്ചു, അത് സഹിക്കാൻ കഴിഞ്ഞില്ല. അവർക്ക് തങ്ങളുടെ പാപത്തെക്കുറിച്ച് വളരെ ബോധ്യപ്പെട്ടു, അവർ അത്യധികം നിരാശയോടെ വിളിച്ചുപറഞ്ഞു: 'സഹോദരന്മാരേ, ഞങ്ങൾ എന്തു ചെയ്യണം? ഞങ്ങൾ എന്തു ചെയ്യും?'

അതിനുശേഷം, അനേകം അവിശ്വാസികൾ പരിശുദ്ധാത്മാവിനാൽ സമാനമായ പാപബോധത്തിന് കീഴിലായി. പൗലോസ് അപ്പോസ്തലൻ അവരിൽ ഒരാളായിരുന്നു. ആദ്യം അവൻ എല്ലാ ക്രിസ്ത്യാനികളിലും ഏറ്റവും വലിയ പീഡകനായിരുന്നു, അവന്റെ ഏക ലക്ഷ്യം സഭയെ ഉന്മൂലനം ചെയ്യുക എന്നതായിരുന്നു. എന്നാൽ ദമാസ്കസിലേക്കുള്ള വഴിയിൽ വച്ച് ക്രിസ്തു അവനെ കണ്ടുമുട്ടിയതിനുശേഷം, താൻ പാപികളുടെ തലവൻ എന്നുപോലും വിളിക്കത്തക്കവിധം വലിയ പാപങ്ങളുടെ കുറ്റക്കാരനാണെന്ന് പൗലോസിന് മനസ്സിലായി

(1 തിമോത്തി 1:15). അവൻ രക്ഷിക്കപ്പെട്ടതിനുശേഷം അവൻ ക്രിസ്തുവിന്റെ ആത്മവിജയികളുടെ തലവനായിത്തീർന്നു. ഇതുപോലെ സമൂലമായ 180 ഡിഗ്രി മാറ്റത്തിലൂടെ കടന്നുപോയവരുടെ എണ്ണമറ്റ സാക്ഷ്യങ്ങളുണ്ട്.

വിശുദ്ധ യോഹന്നാന് സുവിശേഷം 16:9–11 വരെയുള്ള വാക്യത്തിൽ കർത്താവ് തൻറെ ശിഷ്യന്മാരോട് പരിശുദ്ധ റൂഹാ വന്നുകഴിയുമ്പോൾ ലോകത്തിന് സംഭവിക്കാൻ പോകുന്ന വ്യത്യാസങ്ങൾ എന്താണ് എന്നുള്ളതിനെ കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.

1: പാപം 2: നീതി 3: വിശ്വാസം എന്നീ കാര്യങ്ങളെക്കുറിച്ച് പരിശുദ്ധാത്മാവ് ബോധ്യം വരുത്തുന്നു.

1 a) പാപം /അവിശ്വാസം (വി. യോഹന്നാൻ 16:9 അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ടു പാപത്തെക്കുറിച്ചും..)

ഇവിടെയാണ് പരിശുദ്ധാത്മാവിന്റെ സുപ്രധാന പ്രവൃത്തിയായ പാപബോധം മനസ്സിലാക്കേണ്ടത്. വാക്യം 8 ലെ 'ബോധ്യം വരുത്തും'

(convict/ elenxei) എന്ന വാക്കിന്റെ കൃത്യമായ അർത്ഥത്തിൽ നിന്ന് ഈ കാര്യം നന്നായി മനസ്സിലാക്കാം.

'എല്ലാ സംശയങ്ങൾക്കും അതീതമായ ഒരു ജുഡീഷ്യൽ വിധി പ്രഖ്യാപിക്കുക' എന്നർത്ഥമുള്ള നിയമപരമായ പദമാണിത്. പരിശുദ്ധാത്മാവ് പാപികളെ അവരുടെ സ്വന്തം കുറ്റബോധത്തിന്റെയും നാണക്കേടിന്റെയും ഒഴിവാക്കാനാകാത്ത ബോധത്തിലേക്ക് കൊണ്ടുവരുന്നു, അവർക്ക് അവരുടെ പാപം സമ്മതിക്കുകയല്ലാതെ ഒരു ഒഴികഴിവും മറ്റ് മാർഗവുമില്ല.

നാഥാൻ പ്രവാചകൻ ദാവീദ് രാജാവിനോട് 'നീയാണ് മനുഷ്യൻ' എന്ന് പറയുന്നതുപോലെയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. (2 ശമുവേൽ 12:7) ബത്ഷേബയുമായുള്ള തന്റെ വ്യഭിചാര കുറ്റം സമ്മതിച്ചുകൊണ്ട് 'ഞാൻ കർത്താവിനെതിരെ പാപം ചെയ്തു' എന്ന് ദാവീദിനെ ഉടൻതന്നെ ഏറ്റുപറഞ്ഞു.

ഹൃദയത്തിന്റെ ഉള്ളിലെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിച്ചറിയാനും അവിശ്വാസം പാപികളെ ബോധ്യപ്പെടുത്താനും പരിശുദ്ധാത്മാവ് മാത്രമേ കഴിയൂ. പാപത്തിൽ നിന്ന് രക്ഷിക്കപ്പെടാത്തവരെ അവൻ ശാസിക്കുന്നുവെന്ന് വാക്യം 9 പറയുന്നു. കാരണം പാവം എന്നതുകൊണ്ട് നമ്മുടെ കർത്താവ് തന്നെ വിവക്ഷിക്കുന്നത് അവനിലുള്ള വിശ്വാസം ഇല്ലായ്മയാണ്.

മനുഷ്യഹൃദയത്തിലെ എല്ലാ പാപങ്ങളിലും ഏറ്റവും അടിസ്ഥാനപരവും അടിസ്ഥാനപരവുമാണ് അവിശ്വാസം. ഓരോ വ്യക്തിയിലും അത് ആഴത്തിൽ വേരൂന്നിയതിനാൽ റോമർ 3:11 ഉം 12 ഉം പറയുന്നു, 'ദൈവത്തെ അന്വേഷിക്കുന്ന ആരുമില്ല. അവരെല്ലാം വഴിവിട്ടുപോയിരിക്കുന്നു.' അവിശ്വാസം മനുഷ്യർക്ക് ദൈവത്തെ അവിശ്വസിക്കാനും അവന്റെ വചനത്തെയും സ്നേഹത്തെയും അവന്റെ ശക്തിയെയും സംശയിക്കുന്നതിനും കാരണമാകുന്നു. അതിന്റെ ഏറ്റവും മോശമായ രൂപത്തിൽ, അവിശ്വാസം മൂലം മനുഷ്യർ ദൈവത്തിന്റെ അസ്തിത്വത്തെ പോലും നിഷേധിക്കുന്നു. അതുകൊണ്ടാണ് ചാൾസ് സ്പർജൻ എന്ന എഴുത്തുകാരൻ അവിശ്വാസത്തെ എല്ലാ പാപങ്ങളുടെയും രാജാവ്, കുറ്റബോധത്തിന്റെ പ്രതിരൂപം, ഒന്നാം നമ്പർ പാപം, സാത്താന്റെ മാസ്റ്റർപീസ് എന്ന് വിളിച്ചത്.

1 b) പിതാവിന്റെ നീതി

ഒരുപക്ഷേ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന് മുമ്പു പഴയ നിയമത്തിൽ സൂചിപ്പിക്കുന്ന ദൈവീക നീതിയിൽ ഈ ലോകം പുലർന്നുപോന്നു. സാധാരണക്കാരായ മനുഷ്യരുടെ മുൻപിൽ പരീശന്മാരും സാധുക്കളും അടങ്ങുന്ന പ്രമാണി സംഘം മേൽക്കൈ നേടിയ തങ്ങൾ ആ നീതിയുടെ പരിപാലകരും കസ്റ്റോഡിയൻസും എന്ന നിലയിൽ ഒക്കെ ആയിരുന്നിരിക്കണം. വ്യാഖ്യാനിച്ച സങ്കീർണം ആക്കിയ ആ നീതിയുടെ മുമ്പിൽ ഇതിൽ പകച്ചു നിന്ന മനുഷ്യന്, ഒരിക്കലും ഒരു മനുഷ്യനും അതു പാലിക്കാനാവില്ലെന്ന് ഒഴിവുകഴിവുകൾ പറയാമായിരുന്നു.

എന്നാൽ ഇപ്പോൾ ക്രിസ്തു വന്നിരിക്കുന്നു, ഈ ഒഴികഴിവ് ഇനി നിലനിൽക്കില്ല, കാരണം അവൻ നമ്മെപ്പോലെ ഒരു മനുഷ്യനായി ഭൂമിയിൽ ജീവിച്ചു, എന്നിട്ടും അവൻ ദൈവത്തിന്റെ നിയമം ഒരു കുറവും കൂടാതെ പൂർണ്ണമായി പാലിച്ചു. വാക്യം 10–ൽ അവൻ പറയുന്നു, 'ഞാൻ എന്റെ പിതാവിന്റെ അടുക്കൽ പോകുന്നു.' പിതാവിലേക്ക് പൂർണ്ണമായ പ്രവേശനം ഉള്ളതിനാൽ അവൻ ദൈവത്തിന്റെ നീതിയിൽ ഒട്ടും കുറവല്ലെന്ന് ഇത് സൂചിപ്പിക്കുന്നു. അതിനാൽ അവന്റെ നീതി തെളിയിക്കപ്പെട്ട ഒരു നീതിയാണ്, അത് നമുക്ക് നീതിയുടെ ഒരു പുതിയ മാനദണ്ഡമായി മാറുന്നു, അത് നമ്മെ ഒഴികഴിവില്ലാതെ വിടുന്നു. അതിനാൽ, ക്രിസ്തു തന്റെ എല്ലാ നീതിയിലും അവിശ്വാസികൾക്ക് കാണപ്പെടുമ്പോഴെല്ലാം,

പ്രസ്തുത നീതിയിൽ , അതിന്റെ പരിപാലനത്തിൽ നിങ്ങൾ പരാജയപ്പെട്ടുവെന്ന് അവരെ ബോധ്യപ്പെടുത്താൻ പരിശുദ്ധാത്മാവിന് കഴിയും.

1c) സാത്താനുള്ള ന്യായവിധി

അടുത്ത വാക്യം (16/11)പരി. ആത്മാവ് ലോകത്തെന്യായവിധിക്കുംഎന്ന് പറയുന്നു. ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെടുന്നു എന്നതാണു കാരണം. ആരാണ് ഈ ലോകത്തിന്റെ പ്രഭു?

അത് പിശാചാണ്. ഏദൻതോട്ടത്തിൽ വെച്ച് ദൈവത്തിനെതിരെ പാപം ചെയ്യാൻ മനുഷ്യനെ പ്രലോഭിപ്പിച്ചതുമുതൽ, അവൻ ലോകത്തെ സ്വാധീനിക്കുകയും ദൈവത്തിനെതിരെ മത്സരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

യഥാർത്ഥത്തിൽ ഇതിൽ ദൈവം ഒഴികെ ഏറെക്കുറെ എല്ലാവരും സാത്താന്റെ അധികാരപരിധിക്ക് താഴെയാണ് ആണ് മനുഷ്യജീവിതത്തിലെ പ്രലോഭനങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത് അതൊക്കെ തന്നെയാണ്.

അവന്റെ കീഴിലായതിനാൽ, ആത്യന്തികമായി, ദൈവത്തിൽ നിന്ന് അവന് ലഭിക്കുന്ന ഭയങ്കരമായ ന്യായവിധി അവനു കീഴിലുള്ളവരും പങ്കിടും. നമ്മുടെ കർത്താവ് സർപ്പത്തെ ജയിച്ച, മരണത്തിൻറെ തകർത്ത, തൻറെ വിജയം പ്രഖ്യാപിച്ച കുരിശിൽ നിന്നാണ് ആ ന്യായവിധി ആരംഭിച്ചത്, സാത്താനെ തീയുടെയും ഗന്ധകത്തിന്റെയും തടാകത്തിലേക്ക് എറിയുമ്പോൾ അത് അതിന്റെ പാരമ്യത്തിലെത്തും (വെളി. 20:10). എല്ലാ അവിശ്വാസികളും അവനോടൊപ്പം അവിടെ അവസാനിക്കും (വെളിപാട് 20:15). അതുകൊണ്ട് അവിശ്വാസികളോട് സാത്താന്റെ ന്യായവിധി പ്രഖ്യാപിക്കപ്പെടുമ്പോഴെല്ലാം, അവരുടെ എല്ലാ പാപങ്ങളും നിമിത്തം അവരും ഏറ്റവും ഭയങ്കരമായ ന്യായവിധിയും നിത്യമായ ദണ്ഡനവും നേരിടേണ്ടിവരുമെന്ന് അവരെ ബോധ്യപ്പെടുത്താൻ പരിശുദ്ധാത്മാവിന് ഈ സത്യം ഉപയോഗിക്കാൻ കഴിയും.

അങ്ങനെ, പരിശുദ്ധാത്മാവ് പാപികളെ 3 കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നു/ശാസിക്കുന്നു എന്ന് നാം കണ്ടു; ക്രിസ്തുവിലുള്ള അവിശ്വാസം എന്ന പാപം, ക്രിസ്തുവിനെപ്പോലെ നീതിയുള്ളവരായിട്ടില്ലാത്തതിനാൽ ന്യായവിധി, ലോകത്തിന്റെ പ്രഭുവിന് കീഴ്പ്പെട്ടതിനാൽ ന്യായവിധി.

ഇപ്പോൾ ഇവിടെ നമ്മൾ മുഴുവൻ അല്ലെങ്കിൽ നമ്മളിൽ ആരെങ്കിലും ഈ 3 കാര്യങ്ങളിലും ശിക്ഷിക്കപ്പെട്ടേക്കാം. ഒരുപക്ഷേ പരിശുദ്ധാത്മാവ് നമ്മളോട് സംസാരിക്കുന്നുണ്ടാകാം (നാഥാൻ പ്രവാചകൻ ദാവീദിനോട് പറഞ്ഞതുപോലെ), 'നീയാണ് മനുഷ്യൻ!

ഇവിടെ, ഈ ആരാധനാ മധ്യേ, ഈ തിരുവചന ശുശ്രൂഷയിൽ സംബന്ധിക്കുമ്പോൾ യേശുവിനെ കുറിച്ച് ഇത്രയധികം, പഠിക്കാൻ അവസരം കിട്ടിയിട്ടും പഠിച്ചിട്ടും യേശുവിൽ വിശ്വസിക്കാൻ വിസമ്മതിക്കുന്ന ഒരാളാണ് നമ്മൽ എങ്കിൽ, നീതിമാൻ എന്ന് അവകാശപ്പെടുന്ന ആളാണ് എങ്കിൽ, രക്ഷ ആവശ്യമില്ല എന്ന് ചിന്തിക്കുന്ന ആളാണെങ്കിൽ, യേശുവിന്റെ നീതി നോക്കൂ, ആ അവകാശവാദം എത്ര അസത്യമാണെന്ന് നമ്മൾക്ക് മനസ്സിലാകും.

നമ്മൾ പല പ്രാകാരേണ പിശാചിന്റെ അധികാരപരിധിയിൽ തുടരണമെന്ന് ശഠിക്കുന്നുവെങ്കിൽ, അവന്റെ വിധിയിൽ പങ്കുചേരുമ്പോൾ അത് എത്രമാത്രം സങ്കടകരമായിരിക്കും!

പരിശുദ്ധാത്മാവ് നൽവരത്തിൽ നമ്മിൽ ആരും ഇതുവരെ പൂർണരല്ല. അവൻ ഇപ്പോഴും നമ്മിൽ പ്രവർത്തിക്കുന്നു. നമ്മിലുള്ള അവന്റെ പ്രവർത്തനത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന നിരവധി അനുഗ്രഹങ്ങളിൽ ഒന്ന് മാർഗനിർദേശമാണ്. പരിശുദ്ധാത്മാവാണ് നമ്മുടെ ജീവിതയാത്രയ്ക്ക് ഏറ്റവും നല്ല വഴികാട്ടി.

II. അവൻ ശിഷ്യന്മാർക്ക് മാർഗനിർദേശം നൽകുന്നു (16:12-13)

അപരിചിതമായ ഒരു സ്ഥലത്തു കൂടി യാത്ര ചെയ്യുമ്പോൾ എല്ലാതരത്തിലുമുള്ള സഹായങ്ങൾ ചെയ്തു കൊണ്ട് യാത്രികനോടൊപ്പം നിൽക്കുന്ന ടൂറിസ്റ്റ് ഗൈഡുകൾ ആ യാത്ര പൂർണമായും ആസ്വാദ്യകരമാക്കാൻ തങ്ങളാലാവുംവിധം ഉള്ള എല്ലാ ക്രമീകരണങ്ങളും യാത്രക്കാരന് ചെയ്തുകൊടുക്കും.

എന്നാൽ ഓരോ വിശ്വാസിക്കും തങ്ങളുടെ ജീവിതയാത്രയിൽ ഒരു ആത്മീയ വഴികാട്ടിയേക്കാൾ മികച്ചതായി കൂടെ നിൽക്കാൻ ആർക്കും കഴിയില്ല ഇല്ല.

എന്നേക്കും നമ്മോടൊപ്പമുള്ള പരിശുദ്ധാത്മാവ്! അവൻ നമ്മിൽ വസിക്കുകയും നമ്മുടെ ജീവിതയാത്രയിലൂടെ നമ്മെ നയിക്കുകയും ചെയ്യുന്നു.(റോമർ

8:14 ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു.

8:15 നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചതു.

8:16 നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു).

അവന്റെ നേതൃത്വത്തോട് സംവേദനക്ഷമതയുള്ളവരാണെങ്കിൽ, നമ്മുടെ ജീവിത യാത്രയുടെ ഓരോ ഘട്ടത്തിലും വിലയേറിയ നിരവധി പാഠങ്ങൾ നാം പഠിക്കും, നമ്മുടെ യാത്രയുടെ ഏറ്റവും പ്രയാസകരമായ ഭാഗങ്ങളിൽ അപകടങ്ങളിൽ നിന്ന് നാം സുരക്ഷിതരാകും. അതുകൊണ്ട് നാം എല്ലാ ദിവസവും പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിൽ അടുത്ത്, ആശ്രയിക്കണം.

2a) പരിശുദ്ധാത്മ പ്രവർത്തനങ്ങളിൽ വേദപുസ്തകത്തിനുള്ള സ്ഥാനം

എന്നാൽ, നമ്മെ നയിക്കാൻ ഏതു മാധ്യമമാണ് പരിശുദ്ധാത്മാവ് ഉപയോഗിക്കുന്നത്? അവൻ തന്റെ ലിഖിത വചനമായ വിശുദ്ധ വേദപുസ്തകം ഉപയോഗിക്കുന്നു. രസകരമെന്നു പറയട്ടെ, ബൈബിൾ തന്നെ ആത്മാവിന്റെ മാർഗനിർദേശത്തിന്റെ ഒരു ഉൽപ്പന്നമാണ് (Bible is itself a product of the Spirit's guidance).

ഇത് 16:13-ൽ കാണുന്നു 'എങ്കിലും സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും' ഈ പ്രത്യേക വാഗ്ദത്തം നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാർക്ക് വേണ്ടി നൽകിയതാണ്. മുമ്പത്തെ വാക്യത്തിൽ (വാക്യം 12) യേശു അവരോട് പറഞ്ഞത് ഇത് വ്യക്തമാക്കുന്നു, വി.യോഹന്നാൻ 16:12 ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ടു; എന്നാൽ നിങ്ങൾക്കു ഇപ്പോൾ വഹിപ്പാൻ കഴിവില്ല.

താൻ അവരോടൊപ്പം ചെലവഴിച്ച 3 വർഷത്തിലുടനീളം തന്റെ ശിഷ്യന്മാർക്ക് നൽകിയ എല്ലാ ആത്മീയ സത്യങ്ങളെക്കുറിച്ചും യേശു പരാമർശിക്കുകയായിരുന്നു. അവർക്ക് പഠിക്കാൻ ഇനിയും ഒരുപാട് ആത്മീയ സത്യങ്ങൾ ഉണ്ടെന്നും എന്നാൽ അവ സ്വീകരിക്കാൻ അവർ ഇതുവരെ തയ്യാറായിട്ടില്ലെന്നും ഇപ്പോൾ യേശു പറയുന്നു. എന്തുകൊണ്ട്? കാരണം ഈ സത്യങ്ങൾ പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിൽ മാത്രമേ മനസ്സിലാക്കാൻ കഴിയൂ.

പെന്തെക്കോസ്തിക്ക് ശേഷം, പരിശുദ്ധാത്മാവ് അവരുടെമേൽ വർഷിക്കപ്പെട്ടപ്പോൾ മാത്രമാണ് അവർക്ക് എല്ലാം മനസ്സിലാക്കാനും സഭയെ പഠിപ്പിക്കാനും കഴിഞ്ഞത്. ഈ ശിഷ്യന്മാർ എല്ലാ സത്യത്തിലേക്കും പ്രത്യേകമായി നയിക്കപ്പെടേണ്ടത് എന്തുകൊണ്ട്? കാരണം അവർ പുതിയ നിയമത്തിന്റെ പുസ്തകങ്ങൾ എഴുതേണ്ടതായിരുന്നു. യേശുക്രിസ്തുവിൽ നിന്ന് നേരിട്ട് കണ്ടതും കേട്ടതുമായ കാര്യങ്ങൾ മാത്രമല്ല, അവന്റെ ജോലിയുടെയും ജീവിതത്തിന്റെയും ദൗത്യത്തിന്റെയും പൂർണ്ണമായ അർത്ഥവും പ്രയോഗവും എഴുതാൻ അവർ പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ടു.

ക്രിസ്തുവിന്റെ ജീവിതം, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയ്ക്കിടയിലും അതിനുശേഷവും അവർ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളുടെ യഥാർത്ഥ വിവരണങ്ങളാണ് നാല് സുവിശേഷങ്ങളും പ്രവൃത്തികളുടെ പുസ്തകവും.

ഇവയെല്ലാം എന്താണ് അർത്ഥമാക്കുന്നത് എന്നതിന്റെ വിശദീകരണം അവർ എഴുതിയ ലേഖനങ്ങളിലോ കത്തുകളിലോ അടങ്ങിയിരിക്കുന്നു. വാക്യം 13-ൽ യേശു പറഞ്ഞതുപോലെ, പരിശുദ്ധാത്മാവ് അവരെ നയിച്ച എല്ലാ ആത്മീയ സത്യങ്ങളും ഈ ലേഖനങ്ങളിൽ അടങ്ങിയിരിക്കുന്നു.

പുതിയ നിയമത്തിലെ അവസാന പുസ്തകമായ വെളിപാടിന്റെ പുസ്തകത്തെ സംബന്ധിച്ച, അതിലെ 22 അധ്യായങ്ങൾ കൂടുതലും വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ്. നമ്മുടെ കർത്താവ് വീണ്ടും വരുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളാണ് അവ.

നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാർക്കും നൽകിയ ഉറപ്പ്,(വാക്യം 13-ന്റെ അവസാനത്തിൽ)

'അവൻ അതായത്. പരിശുദ്ധാത്മാവ് വരാനിരിക്കുന്ന കാര്യങ്ങൾ നിങ്ങളെ കാണിച്ചുതരും.'

അതുകൊണ്ട് ഇവിടെ ഈ രണ്ട് വാക്യങ്ങളിൽ, വി.യോഹന്നാൻ 16:12-13, പുതിയ നിയമത്തിലെ 27 പുസ്തകങ്ങളുടെയും രചനയെക്കുറിച്ച് യേശു കർത്താവ് യഥാർത്ഥത്തിൽ മുൻകൂട്ടിപ്പറഞ്ഞിരുന്നു. പുതിയനിയമം പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ രചിക്കപ്പെട്ടതാണെന്ന് ഇതിൽ നിന്ന് നമുക്ക് അറിയാൻ കഴിയും. പരിശുദ്ധാത്മാവ് ഈ പുസ്തകങ്ങളുടെ രചയിതാക്കളെ പഠിപ്പിക്കുകയും നയിക്കുകയും ചെയ്യാതെ, അവയൊന്നും ഒരിക്കലും എഴുതപ്പെടുമായിരുന്നില്ല. ബൈബിളിന്റെ ബാക്കി ഭാഗങ്ങളുടെ കാര്യത്തിലും ഇതുതന്നെ സത്യമാണ്. പഴയനിയമത്തിലെ 39 പുസ്തകങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ രചിക്കപ്പെട്ടവയാണ്. 2 പത്രൊസ്

1:20 തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞു കൊള്ളേണം.

1:21 പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ.

ഇതിൽ നിന്നെല്ലാം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നമുക്ക് എത്രത്തോളം പ്രധാനമാണെന്ന് നമുക്ക് നന്നായി മനസ്സിലാക്കാൻ കഴിയും. പാപികളെ ക്രിസ്തുവിലുള്ള രക്ഷയിലേക്ക് കൊണ്ടുവരാൻ അവൻ അവരെ ബോധ്യപ്പെടുത്തുക മാത്രമല്ല ചെയ്യുന്നത്. അതിനു ശേഷവും താൻ തന്നെ പ്രചോദിപ്പിച്ച ലിഖിത വചനത്താൽ അവരെ നയിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിൽ ചെയ്യുന്ന മഹത്തായ പ്രവൃത്തികൾ കാണുന്നത് അത്ഭുതകരമല്ലേ? എന്നാൽ അവന്റെ പ്രവൃത്തിയോട് നാം എങ്ങനെ പ്രതികരിക്കുന്നു? ബൈബിളിലൂടെ പരിശുദ്ധാത്മാവ് നമ്മെ നയിക്കുന്നുണ്ടെന്ന് നമുക്കറിയാവുന്നതിനാൽ, അത് വായിക്കാനും കേൾക്കാനും പഠിക്കാനും ധ്യാനിക്കാനും ദൈനംദിന ജീവിതത്തിൽ പ്രയോഗിക്കാനും മതിയായ സമയം ചെലവഴിക്കുന്നുണ്ടോ?

III. അവൻ ക്രിസ്തുവിന്റെ മഹത്വത്തിന് മുൻഗണന കൊടുക്കുന്നു. (16:14 15)

വി. യോഹന്നാൻ 16:14 അവൻ എനിക്കുള്ളതിൽനിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തും.

16:15 പിതാവിന്നുള്ളതു ഒക്കെയും എനിക്കുള്ളതു; അതുകൊണ്ടത്രേ അവൻ എനിക്കുള്ളതിൽനിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരും എന്നു ഞാൻ

പറഞ്ഞതു.

പരിശുദ്ധാത്മാവ് വന്നത് തന്നെത്തന്നെ മഹത്വപ്പെടുത്താനല്ല, മറിച്ച് ക്രിസ്തുവിനെ അത്രേ. ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നത് തന്റേതായ എല്ലാം കാണിക്കുകയോ വെളിപ്പെടുത്തുകയോ ചെയ്ത് കൊണ്ടാണ്. എന്ന താണ് – അവന്റെ വ്യക്തിത്വം, അവന്റെ ജീവിതം, അവന്റെ പ്രവൃത്തി, അവന്റെ സ്വഭാവം, അവന്റെ സ്നേഹം, അവന്റെ ശക്തി എന്നിവയെക്കുറിച്ചുള്ള എല്ലാം.

വി. യോഹന്നാന്റെ സുവിശേഷത്തിൽ അവനെ ദൈവത്തിന്റെ നിത്യ വചനമായും ലോകത്തിന്റെ വെളിച്ചമായും ദൈവത്തിന്റെ കുഞ്ഞാടായും, അവൻ ജീവനുള്ള അപ്പവും മഹത്തായ അവകാശവാദങ്ങളിലൂടെ', നല്ല ഇട യനും യഥാർത്ഥ മുന്തിരിവള്ളിയും വഴിയും സത്യവും ജീവനും ആണെന്ന് നാം കണ്ടു. ഇവയെല്ലാം ക്രിസ്തുവിന്റെ മഹത്വത്തെക്കുറിച്ച് നമ്മോട് സംസാ രിക്കുന്നു. നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനെ മഹത്വപ്പെടുത്താൻ പരിശുദ്ധാ ത്മാവ് ഈ അത്ഭുതകരമായ സത്യങ്ങളെല്ലാം ഉപയോഗിക്കുന്നുവെന്ന് നാം വിശ്വസിക്കണം.

അവൻ ഇത് ചെയ്യുന്ന 4 വഴികളെങ്കിലും നമുക്ക് ചിന്തിക്കാം.

3a) ഒന്നാമതായി, അവൻ ക്രിസ്തുവിനെ നമുക്ക് യാഥാർത്ഥ്യമാക്കിക്കൊണ്ട് മഹത്വപ്പെടുത്തുന്നു. ക്രിസ്തുവിൽ വസിക്കുന്നതിന് നമുക്ക് അത് ആവശ്യ മാണ്.

3b) രണ്ടാമതായി ക്രിസ്തു നമുക്ക് എത്ര പ്രാണപ്രിയൻ ആണെന്ന് പ. ആത്മാവ് കാണിച്ചുതരുന്നു. അങ്ങനെ നാം അവനെ ആഗ്രഹിക്കുകയും എല്ലാ റ്റിനുമുപരിയായി അവനെ സ്നേഹിക്കുകയും ചെയ്യും.

3c) മൂന്നാമതായി അവൻ എത്ര ഉന്നതനാണെന്ന് നമുക്ക് വെളിപ്പെടുത്തി തരുന്നു – അവൻ ഇപ്പോൾ ആരോഹണം ചെയ്ത, മഹത്വീകരിക്കപ്പെട്ട കർ ത്താവാണ്.

അത് നമ്മളെ ക്രിസ്തുവിനെ അനുസരിക്കുകയും നമുക്കുള്ളതെല്ലാം അവനു സമർപ്പിക്കുകയും ചെയ്യുന്നതാക്കി തീർക്കുന്നു.

3d) നാലാമതായി ക്രിസ്തുവിനെ നമ്മിൽ കാണത്തക്കവിധം പരിശുദ്ധാ ത്മാവ് ക്രിസ്തുവിന്റെ പ്രതിച്ഛായയിലേക്ക് നമ്മെ മാറ്റി ക്രിസ്തുവിനെ മഹത്വ പ്പെടുത്തുന്നു.

നാം അവന്റെ വചനം എത്രയധികം വായിക്കുകയും ആത്മാവിൽ നടക്കു കയും ചെയ്യുന്നുവോ അത്രയധികം ആത്മാവിന്റെ ഫലം നാം വഹിക്കും, അത് നമ്മെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെപ്പോലെയാക്കും.

നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്ന നിരവധി മാർഗങ്ങളുണ്ട്, എന്നാൽ പരിശുദ്ധാത്മാവിന്റെ നമ്മിലുള്ള പ്രവർത്ത നത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ ഇവ മതിയാകും എന്ന് കരുതുന്നു.

യേശു പോയത് നമുക്ക് ഉചിതമാണെന്ന് വാക്യം 7-ൽ പറഞ്ഞത് എന്തു കൊണ്ടാണെന്ന് ഇന്ന് കർത്താവിന്റെ ശിഷ്യൻമാരായ നമുക്ക് ഇപ്പോൾ മനസ്സി ലാക്കാൻ കഴിയും. ഇപ്പോൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് നാം അറിയുന്നു.

ക്രിസ്തു ശിഷ്യന്മാരെ ഉപേക്ഷിച്ച് സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുകയും പരിശുദ്ധാത്മാവിനെ നമ്മിലേക്ക് അയയ്ക്കുകയും ചെയ്തതിൽ നാം ഏറ്റവും നന്ദിയുള്ളവരായിരിക്കണം.

ആത്മാവ് ചെയ്യുന്ന 3 പ്രധാന പ്രവൃത്തികൾ നാം കണ്ടു –

ഒന്നാമതായി, അവൻ ലോകത്തിനു പാപബോധം വരുത്തുന്നു. (811).

രണ്ടാമതായി, അവൻ ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് മാർഗനിർദേശം നൽകുന്നു. (12–13).

മൂന്നാമതായി, പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ മഹത്വത്തെ പ്രോത്സാഹി പ്പിക്കുന്നു. (14–15).

പെന്തക്കോസ്ഥിയുയുടെ ശുശ്രൂഷ നിർവഹിക്കപ്പെടുന്ന പരിശുദ്ധമായ ഈ ദിവസത്തിൽ, പരിശുദ്ധാത്മാവ് ഇന്ന് നമ്മുടെ ഇടയിൽ ഒരു ശക്തമായ പ്രവൃ ത്തികൾ ചെയ്യട്ടെ. ◆



പരിശുദ്ധ കാതോലിക്കാ ബാവാ മാവേലിക്കര സെന്റ് മേരീസ് ദയാഭവനിൽ.

പ്രവാസി വിദ്യാർത്ഥികളുടെ വിവരശേഖരണത്തിന് ഒരുങ്ങി ചെങ്ങന്നൂർ മെത്രാസനം

ചെങ്ങന്നൂർ: വിദേശരാജ്യങ്ങളിൽ പഠനങ്ങൾക്കുപോകുന്ന വിദ്യാർത്ഥിക ളുടെ വിവരങ്ങൾ ശേഖരിക്കുവാൻ ചെങ്ങന്നൂർ ഭദ്രാസന സഹായ മെത്രാ പ്പോലീത്ത ഡോ. മാത്യൂസ് മാർ തിമോത്തിയാസ് തിരുമേനി കല്പനയിലൂടെ ആവശ്യപ്പെട്ടു. പുതുതലമുറ സഭയിൽ നിന്നും ആരാധനാജീവിതത്തിൽ നിന്നും അകന്നുപോയികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവരെ സഭയോട് ചേർത്ത് നിർത്തുവാനുള്ള വലിയ ഉത്തരവാദിത്വം സഭക്ക് ഉണ്ട്. അതിനാൽ വിദേശ രാജ്യങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ആത്മീയ ഭൗതീക കാര്യങ്ങൾ നിറവേറപ്പെടുവാൻ സഭക്കും ഉത്തരവാദിത്വമുണ്ട്. അതിനാലാണ് ഇത്തരം ഒരു ശ്രമം എന്ന് കല്പനയിൽ സൂചിപ്പിക്കുന്നു.



തിരുവനന്തപുരം പട്ടണത്തിലെ ഓർത്തഡോക്സ് ഇടവകകളുടെ നേതൃ ത്വത്തിൽ നടന്നുവരുന്ന തിരുവനന്തപുരം ഓർത്തഡോക്സ് കൺവൻഷൻ ക്രിസ്തുമസ് സംഗമ പരിപാടികളുടെ ആലോചനായോഗം ഉള്ളൂർ ഹോളി ട്രിനിറ്റി അരമന ചാപ്പലിൽ വച്ച് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോ സിന്റെ അധ്യക്ഷതയിൽ നടന്നു.



Artificial Intelligence Technology ഉപയോഗിച്ച് മനുഷ്യ സഹായമില്ലാതെ Share Trading ചെയ്യുന്ന സോഫ്റ്റ്‌വെയർ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത തിന് അമേരിക്കൻ ഗവൺമെന്റ് കുര്യൻ തോമസിന് പേറ്റന്റ് നൽകി. ചാത്തന്നൂർ സെന്റ് ജോർജ് ഓർത്ത ഡോക്സ് പള്ളി ഇടവകാംഗമാണ്. കൊല്ലം ചാത്തന്നൂർ പരേതനായ ഫാ. സി. കുര്യന്റെ കൊച്ചുമകനാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

His Advocate

St. John 16:5-15

Fr Nithin V Rajan



Advocate is the one who defends us in a court. When there are people to accuse us the advocate stands as a ray of hope. Where the advocate fights tooth and nail till the end to ensure his client is saved.

This Sunday is the day we remember the descend of the Holy Spirit on the Holy Apostles who were immersed in prayers. Holy Spirit descended on the Apostles in the form of tongues and enlightened them and made them strong and bold, that they went out and proclaimed the Gospel without fear. Through the power of the Holy Spirit, disciples are saved, filled, sealed, and sanctified. The Holy Spirit reveals God's thoughts, teaches, and guides believers into all truth. This day is the Birthday of the Church.

The Holy Spirit - Advocate, Teacher and Reminder

St. John 14: 15-17 *says "If you love me, you will keep my commandments. And I will ask the Father, and he will give you another Advocate, to be with you forever. This is the Spirit of truth,* ***St. John 14:26*** *"But the Advocate, the Holy Spirit, whom the Father will send in my name, will teach you all things and will remind you of everything I have said to you".* These Holy Scriptural portions make us understand the importance of Holy Spirit in our lives. As firstly, Holy Spirit stands as an Advocate who would defend us, when there is always an evil force which wants to accuse us and tear us apart. Secondly, we see the Holy Spirt would be our teacher who would teach us and also lead us in the right path. Holy Spirit is a comforter and revealer of things to come. Holy Spirit is the perfector of everything that is what is heard during the Divine Liturgy of the Holy Eucharist, after the elevation of the Holy Mysteries. The chief celebrant holds the Paten and Chalice cross wise and says three statement and the first one is of the Father, second is of the Son and third is of the Holy Spirt and it is "With us is the One Holy Spirit, who completes and perfects of all that is and all that is to be! Blessed be the name of the Lord, from ages unto ages of ages. Amen"

The war of Good and Evil

In the Holy Scriptures the devil is called "the Accuser" as the devil always tries to find out our faults and enslaves us in his iron fetters. In the book of ***Revelation 12:11*** *we read "So the great dragon was cast out, that serpent of old, called the Devil and Satan, who deceives the whole world; he was cast to the earth, and his angels were cast out with him. Then I heard a loud voice saying in heaven, 'Now salvation, and strength, and the kingdom of our God, and the power of His Christ have come, for the accuser of our brethren, who accused them before our God day and night, has been cast down. And they overcame him by the blood of the Lamb and by the word of their testimony, and they did not love their lives to the death.*" There is always a constant fight between good and evil in Heaven. Where the Angels of God fights for truth and devil the accuser tries all ways to accuse the souls. One of the events mentioned about this can be seen in ***Jude 1:9*** *"Not even the chief angel Michael did this. In his quarrel with the Devil, when they argued about who would have the body of Moses, Michael did not dare condemn the Devil with insulting words, but said, "The Lord rebuke you!",* but as we read above in the book of Revelation on the final day the devil will be expelled from heaven. Till then he roams around and waits to see whom to prey upon.

Holy Spirt – The Helper

Romans 8:26-27 *says "In the same way, the Spirit helps us in our weakness. We do not know what we ought to pray for, but the Spirit himself intercedes for us through wordless groans. And he who searches our hearts knows the mind of the Spirit, because the Spirit intercedes for God's people in accordance with the will of God*". As human beings we are weak and tend to fall prey to worldly pleasures. Holy Spirit can only stay in us when we are holy or because of our actions we tend to lose the Spirit of God. But once we are lead to repentance the restoration of the Holy Spirit takes place. Without God's Spirit we tend to be evil and work for the devil. That is the reason King David prayed "Create a pure heart in me, O God, and put a new and loyal spirit in me. Do not banish me from your presence; do not take your holy spirit away from me. Give me again the joy that comes from your salvation, and make me willing to obey you". It is God's Spirit that gives us wisdom and understanding.

"Through the Holy Spirit comes our restoration to paradise, our ascension into the kingdom of heaven, our return to the adoption of sons, our liberty to call God our Father, our being made partakers of the grace of Christ, our being called children of light, our sharing in eternal glory, and, in a word, our being brought into a state of all "fullness of blessing," both in this world and in the world to come, of all the good gifts that are in store for us, by promise hereof, through faith, beholding the reflection of their grace as though they were already present, we await the full enjoyment." St. Basil the Great, "On the Holy Spirit"

If we live by the word of God, then the Holy Spirit will have an opportunity to accomplish His work through us. If we live under Satan's influence, then we give the Holy Spirit no such opportunity. The work of God is of light and the work of devil is of the darkness.

Let us pray "Awaken us, O Lord, our hearts from the submersion of sin. Enlighten our minds by the spiritual radiance of your Holy Spirit. Sanctify our souls by your divine gifts. Grant wisdom to our intellects that we may understand the true and supreme worship of the consubstantial Three persons of the Godhead, now and forever and ever. Amen.

❑



ഡോ. പുന്നൂസ് യു. പാണൂർ അന്തരിച്ചു

എഴുത്തുകാരനും പ്രഭാഷകനുമായ വിംഗ് കമാണ്ടർ ഡോ. പുന്നൂസ് യു. പാണൂർ (82) അന്തരിച്ചു. സംസ്ക്കാരം ഡോ. യൂഹാനോൻ മാർ ദീയസ്കോറോസിന്റെ മുഖ്യകാർമ്മികത്വത്തിൽ പരിയാരം മാർ അപ്രേം ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

ഭാരതിയാർ യൂണിവേഴ്സിറ്റിയുടെ (കോയമ്പത്തൂർ) റിസർച്ച് ഗൈഡായി പ്രവർത്തിച്ചിട്ടുണ്ട്.

ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്ന് വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ് നേടി. ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ നിന്നു ബി.ഡി. പാസ്സായി. വിവിധ സർവീസ് പരീക്ഷകളിൽ വിജയിക്കുന്നതിനു പുറമേ ബോംബെ സെന്റ് സേവ്യേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷനിൽ നിന്ന് പബ്ലിക് റിലേഷൻസിൽ ഡിപ്ലോമയും എടുത്തു.


1981-86 കാലഘട്ടത്തിൽ മദ്രാസ് ഭദ്രാസനത്തിന്റെ യൂത്ത് മൂവ്മെന്റ് സെക്രട്ടറിയായിരുന്ന അദ്ദേഹം, മദ്രാസ്, ബാംഗ്ലൂർ, ബോംബെ, ഡൽഹി, നാഗ്പൂർ എന്നിവിടങ്ങളിൽ ഓർത്തഡോക്സ് യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും സജീവ സംഘാടകനും നേതാവുമായി പ്രവർത്തിച്ചിട്ടുണ്ട്.

വിവിധ സഭാ മാസികകളിൽ സ്ഥിരമായി ലേഖനങ്ങൾ എഴുതിയിരുന്ന അദ്ദേഹം ബോംബെയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഗ്രിഗോറിയൻ മാസികയുടെ എഡിറ്ററും ആയിരുന്നു.

മദ്രാസ് ഭദ്രാസന പ്രസിദ്ധീകരണമായ സിയോൻ (സൗത്ത് ഇന്ത്യൻ ഓർത്തഡോക്സ് ന്യൂസ്) എഡിറ്ററായിരുന്നു.

വിശുദ്ധ കുർബാനക്രമത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഇംഗ്ലീഷ് പുസ്തകം - (ഓർത്തഡോക്സ് ആരാധനാക്രമത്തിനും വിശ്വാസത്തിനുമുള്ള വഴികാട്ടി) ഇന്ത്യയിലെ ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ വിശുദ്ധ കുർബാനയുടെ അർത്ഥവും വ്യാഖ്യാനവും ഇംഗ്ലീഷ് അറിയുന്ന കുട്ടികളെയും യുവാക്കളെയും 'ആരാധന' മനസ്സിലാക്കാനും അതിൽ പങ്കെടുക്കാനും സഹായിക്കുന്നതിനുള്ള ഒരു ശ്രമമായിരുന്നു. ഫലപ്രദമായും പൂർണ്ണഹൃദയത്തോടെയും. 1990-കളുടെ മധ്യത്തിൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം ബാഹ്യകേരളത്തിലെ വളർന്നുവരുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ആദ്യത്തെ പുസ്തകങ്ങളിലൊന്നായിരുന്നു.

പുസ്തകം



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആരാധനയ്ക്ക് ഉപയോഗിക്കുന്ന വേദവായനകുറിപ്പ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷന്റെ എല്ലാ ഔട്ട്ലെറ്റുകളിലും ലഭ്യമാണ്.

വില: 120 രൂപ



കാതോലിക്കേറ്റ് ആൻഡ് എം.ഡി. സ്കൂൾസ് കോർപറേറ്റ് മാനേജ്മെന്റ് സ്കൂൾ പ്രവേശനോത്സവം വെള്ളുക്കുട്ട എൽ.പി. സ്കൂളിൽ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (മാനേജർ, കാതോലിക്കേറ്റ് & എം ഡി. കോർപ്പറേറ്റ് സ്കൂൾസ്) ഉദ്ഘാടനം ചെയ്തു.



ഇടുക്കി ഭദ്രാസന യുവജനപ്രസ്ഥാന മാർ പക്കോമിയോസ് ഉപജീവന ജീവകാരുണ്യ പദ്ധതിയുടെ ഭാഗമായി ആദ്യത്തെ ആടിനെ ജോഷ്വാ മാർ നിക്കോദിമോസ് അയ്യപ്പൻകോവിൽ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിലെ ഒരു അംഗത്തിന് നൽകുന്നതിനായി ഇടവക വികാരി ഫാ. ജോസ് സാമുവേലിന് നൽകി.



വിദ്യാരംഭത്തോട് അനുബന്ധിച്ച് 100 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഗവണ്മെന്റ് എൽ. പി. സ്കൂൾ കടമ്മനിട്ട, എം. റ്റി. എൽ. പി. സ്കൂൾ കല്ലേലിമുക്ക് എന്നീ സ്കൂളുകളിലാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തത്. കടമ്മനിട്ട ഗവണ്മെന്റ് എൽ.പി സ്കൂളിൽ ഫാ. പി. സി. ഐസക് പഠനോപകരണങ്ങൾ ഹെഡ്മിസ്ട്രസിന് നൽകി ഉത്ഘാടനം ചെയ്തു.




ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കണ്ടനാട് വെസ്റ്റ് ഭദ്രാസന സമ്മേളനവും പ്രതിഭാ സംഗമവും ഭദ്രാസനതലത്തിൽ ആതുര സേവന രംഗത്തെ മാലാഖമാർക്കുള്ള ആദരിക്കുന്ന ചടങ്ങും സംയുക്തമായി ആട്ടിൻകുന്ന് സെന്റ്. മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



Muthoot Finance was awarded the Golden Peacock Award for Corporate Social Responsibility for FY21-22 by the Institute of Director's (I.O.D) at a glittering ceremony in Hotel Le Meridian New Delhi on 3rd June 2022.

Arjun Ram Meghwal Hon'ble Union Minister of State for Parliamentary Affairs and Culture Govt of India presented the award to Alexander George Muthoot, Joint Managing Director - The Muthoot Group in the presence of Manoj Joshi Secretory Minister of Housing and Urban Affairs Govt. of India.

This Golden Peacock award was given to Muthoot Finance for the best CSR practices in the category on Financial Services.



Sydney: Ramban Philipose visited Bishop Daniel of the Coptic Orthodox Diocese of Sydney. On behalf of Jyothis Ashram, (Diocese of Ahmedabad, Malankara Orthodox Church) Ramban presented an Indian Icon of Good Shepherd to His Grace. During his visit to Australia along with serving the Indian community there, Ramban Philipose was also able to bring diaspora community more close to each other. He also participated and concelebrated in the Coptic Pascha.



ജോർജ്ജിയയിൽ ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചു

ജോർജ്ജിയൻ തലസ്ഥാനമായ ട്ബൈലീസീ മാർ ഏലിയ ഇന്ത്യൻ ഓർത്തഡോക്സ് കോൺഗ്രിഗേഷന്റെ ആഭിമുഖ്യത്തിൽ വി. ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മപെരുന്നാൾ ശുശ്രൂഷകൾ ഫാ. അനീഷ് ഐസക്ക് (വികാരി, ജബൽ അലി പള്ളി), ഫാ. സിബു തോമസ് (സഹ വികാരി, ദുബായ് കത്തീഡ്രൽ) എന്നിവരുടെ നേതൃത്വത്തിൽ സെന്റ്. ജോർജ് അർമേനിയൻ ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു.



മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ പുതിയ അദ്ധ്യയന വർഷത്തിലേക്ക് കടക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നടന്ന സമർപ്പണ ശുശ്രുഷ പ്രാർത്ഥനയിൽ മുഖ്യസന്ദേശം കൊച്ചിൻ യൂണിവേഴ്സിറ്റി പ്രൊവൈസ് ചാൻസലർ പ്രൊഫ. ഡോ. പി. ജി. ശങ്കരൻ നൽകി. ഇടവക വികാരി ഫാ. ജെയിംസ് വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ഇടവക ട്രസ്റ്റി എബിൻ മത്തായി പോനോടത്ത് സ്വാഗതം ആശംസിക്കുകയും സഹ വികാരി ഫാ. തോമസ് കെ ഏലിയാസ് നന്ദി പ്രകാശിപ്പിക്കുകയും, സമർപ്പണ ശുശ്രുഷയിൽ ഫാ. അലക്സ് പി. ജോർജ്ജ്, ഫാ. കുര്യാക്കോസ് ജോർജ്ജ്, ഫാ. സാംസൺ എന്നിവർ സഹകാർമ്മികത്വം വഹിക്കുകയും ചെയ്തു.



ഡോ. എം. ഐ. പുന്നൂസ് ആലുവ യു.സി. കോളജ് പ്രിൻസിപ്പൽ

ആലുവ യുസി കോളജ് പ്രിൻസിപ്പലായി ഡോ. എം. ഐ. പുന്നൂസ് ചുമതലയേറ്റു. മലയാള വിഭാഗം മേധാവിയും കോളജ് ബർസാറും ആയിരുന്നു അദ്ദേഹം. കോട്ടയം മീനടം സ്വദേശി. രണ്ടു യാത്രാവിവരണം ഉൾപ്പെടെ 6 പുസ്തകം പ്രസിദ്ധീകരിച്ചു. അഞ്ചു പുസ്തകം എഡിറ്റ് ചെയ്തു. ഫോക്‌ലോർ, സംസ്കാര പഠന മേഖലയിൽ ഗവേഷകനാണ്. ഗോത്ര സംസ്കാരവുമായി ബന്ധപ്പെട്ടു 2 ഡോക്യുമെന്ററി സംവിധാനം ചെയ്തു.



കിഴക്കമ്പലം ബേത്‌ലഹേം ദയറായുടെ നവീകരിച്ച ഓഫീസിന്റെ കൂദാശ അങ്കമാലി ഭദ്രാസന മെത്രാപോലീത്താ യൂഹാനോൻ മാർ പോളിക്കാർപോസിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസ് അച്ചന്റെ കബറിടം സന്ദർശിച്ചു.



ഇടുക്കി ഭദ്രാസന യുവജനപ്രസ്ഥാനം വാർഷിക സമ്മേളനം.



കണ്ടനാട് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിനു കീഴിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് ഹൈസ്കൂളിന്റെ പ്രവേശനോത്സവം 2022 ആഘോഷമായി നടത്തപ്പെട്ടു. സ്കൂൾ മാനേജർ ഐസക് മട്ടമ്മേൽ കോർ എപ്പിസ്കോപ്പായുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ സംബന്ധിച്ചു. തുടർന്ന് മൂലമറ്റം സെന്റ് ജോർജ് പള്ളി വികാരി ഫാ. ജോൺ സി. അബ്രഹാമിന്റെ നേതൃത്വത്തിൽ മാജിക് ഷോ നടത്തപ്പെട്ടു.



മഹാരാഷ്ട്ര സ്റ്റേറ്റ് ഓപ്പൺ മെമ്മറി ചാമ്പ്യൻഷിപ്പ് ജൂനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനവും ഓവർ ഓവർ സെക്കണ്ട് റണ്ണർ അപ്പും റോഷൻ റോഷൻ റെജി കരസ്ഥമാക്കി അഞ്ചു മെഡലുകളും 10,000, 5000 എന്നിങ്ങനെ ക്യാഷ് പ്രൈസുകളും ലഭിച്ചു. മാമ്മലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് സുറിയാനി പള്ളി ഇടവകാംഗമാണ്. വേൾഡ് മെമ്മറി സ്പോർട്സ് കൗൺസിൽ ഫോർ ഇന്ത്യയുടെ നേതൃത്വത്തിൽ വേൾഡ് ഹ്യൂമൻ ഡെവലപ്മെന്റ് സെന്ററുമായി സഹകരിച്ച് വേൾഡ് മെമ്മറി സ്പോർട്സ് കൗൺസിൽ മഹാരാഷ്ട്രയ്ക്കായുള്ള വേൾഡ് മെമ്മറി സ്പോർട്സിലാണ്, മഹാരാഷ്ട്രയിൽ (ഇന്ത്യ) ആദ്യത്തെ സംസ്ഥാന ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചത്. എല്ലാ പ്രായത്തിലുമുള്ള അത്‌ലറ്റുകളും ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തിരുന്നു.



തുമ്പമൺ ഭദ്രാസനത്തിലെ ആമക്കുന്ന് St. George Orthodox Valiyapally ഇടവകാംഗം ആയ Jithy M. T. International Book of Records (World Records of Excellence), Asia Book of Records, India Book of Records എന്നിവ കരസ്ഥമാക്കി. ഏറ്റവും കൂടുതൽ CDകളിൽ വിവിധ തരം വസ്തുക്കൾ ഉപയോഗിച്ച് flowers ഉണ്ടാക്കിയാണ് റെക്കോർഡ് നേടിയത്. 100 CDകളിൽ 100 തരം വസ്തുക്കൾ ഉപയോഗിച്ചാണ് ഈ ക്രാഫ്റ്റ് ചെയ്തത്.



ഏറ്റവും വലിപ്പം കുറഞ്ഞ പവർ സേവിങ്ങ് ഗാഡ്ജെറ്റ് നിർമ്മിച്ച് ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സിൽ റിച്ചു വി. പ്രകാശ് ഇടം നേടി. നിലയ്ക്കൽ ഭദ്രാസനത്തിലെ കരികുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.